# പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

## നിയമസഭാ നടപടികൾ-സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2009 ഫെബ്രുവരി 26, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിര പ്രമേയം**

**നഗരസഭാ യോഗത്തിൽ നടന്ന അക്രമം**

മി.സ്പീക്കർ: കളമശ്ശേരി നഗരസഭാ യോഗത്തിലേയ്ക്ക് ഒരു കൂട്ടം സി.പി.ഐ.(എം) പ്രവർത്തകർ തള്ളിക്കയറി നഗരസഭാ അദ്ധ്യക്ഷ ശ്രീമതി ആരിഫയേയും കൗൺസിലർമാരേയും ആക്രമിച്ച് പരിക്കേൽപ്പിച്ചതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. ബാബു, കെ. കുട്ടി അഹമ്മദ് കുട്ടി, ജോസഫ് എം. പുതുശ്ശേരി, കെ.ബി. ഗണേഷ് കുമാർ, കെ.കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. ശ്രീ.എ.എം. യൂസഫിന്റെ മണ്ഡലത്തിൽ നടന്ന സംഭവമായതു കൊണ്ട് അദ്ദേഹം ഒരു സബ്മിഷനും നോട്ടീസ് തന്നിട്ടുണ്ട്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 25-02-09-ന് എറണാകുളം കളമശ്ശേരി മുനിസിപ്പാലിറ്റിയിൽ നഗരസഭാ കൗൺസിൽ യോഗം നടന്നുകൊണ്ടിരുന്നപ്പോൾ തെരുവ് വിളക്കുകൾ സ്ഥാപിച്ചതിൽ അഴിമതിയുണ്ടെന്ന് ആരോപിച്ച് ഡി.വൈ. എഫ്.ഐ. പ്രവർത്തകർ നഗരസഭാ ഓഫീസിലേയ്ക്ക് മാർച്ച് നടത്തുകയും ഉച്ചയ്ക്കുശേഷം 12.45 മണിയോടെ അഴിമതിക്കെതിരെ നിവേദനം നൽകുന്നതിന് കുറച്ചുപേർ കൗൺസിൽ യോഗം നടക്കുന്ന ഹാളിലേയ്ക്ക് കയറി ച്ചെല്ലുകയും ചെയ്തു. തുടർന്ന് എൽ.ഡി.എഫ്. കൗൺസിലർമാരും യു.ഡി.എഫ്. കൗൺസിലർമാരും ഡി.വൈ.എഫ്.ഐ. പ്രവർത്തകരും തമ്മിൽ വാക്കേറ്റവും കയ്യേറ്റവും നടക്കുകയുണ്ടായി. യു.ഡി.എഫ്. കൗൺസിലർമാരെ മർദ്ദിച്ചുവെന്നാരോപിച്ച് ചെയർപേഴ്സൺ ശ്രീമതി ആരിഫ നൽകിയ പരാതിപ്രകാരവും എൽ.ഡി.എഫ്. കൗൺസിലർമാർ നൽകിയ പരാതിപ്രകാരവും കളമശ്ശേരി പോലീസ് സ്റ്റേഷനിൽ രണ്ട് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംഭവത്തിൽ പരിക്കുപറ്റിയ യു.ഡി.എഫ്. ചെയർപേഴ്സൺ ഉൾപ്പെടെ ഏഴ് കൗൺസിലർമാർ ഇടപ്പള്ളി എം.എ.ജെ. ആശുപത്രിയിലും നഗരസഭാ പ്രതിപക്ഷ നേതാവ് ശ്രീമതി ഹെന്നി ബേബി ഉൾപ്പെടെ നാല് കൗൺസിലർമാരും രണ്ട് ഡി.വൈ.എഫ്.ഐ. പ്രവർത്തകരും കളമശ്ശേരി സഹകരണ ആശുപത്രിയിലും ചികിത്സ തേടിയിട്ടുണ്ട്. യു.ഡി.എഫ്. കൗൺസിലർമാരെ ദേഹോപദ്രവം ചെയ്തതു സംബന്ധിച്ച് പതിനൊന്ന് പേരെ ഇന്നലെത്തന്നെ പോലീസ് അറസ്റ്റുചെയ്ത് കോടതിയിൽ ഹാജരാക്കി. സർക്കാർ ഇത്തരത്തിലുള്ള സംഭവങ്ങളെ പ്രോത്സാഹിപ്പിക്കു

കയില്ല. കുറ്റക്കാർക്കെതിരെ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്ന താണ്.

ശ്രീ. കെ. ബാബു : 25-2-2009-ന് രാവിലെ പതിനൊന്നു മണിക്ക് ആരംഭിച്ച കളമശ്ശേരി കൗൺസിൽ യോഗം അജണ്ട ചർച്ച ചെയ്തതിനു ശേഷം രൂക്ഷമായ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണാൻ കൗൺസി ലർമാർ ഒരുമിച്ച് വാട്ടർ അതോറിറ്റിയുടെ ഓഫീസിലേയ്ക്ക് പോകാൻ തീരുമാ നിച്ചതിനിടയിൽ 25-ഓളം ആളുകൾ അവിടേയ്ക്ക് ഇരച്ചുകയറുകയും ആക്രമണം നടത്തുകയും ചെയ്തു. കൗൺസിൽ യോഗത്തിലുണ്ടായ അക്രമ പ്രവർത്തനങ്ങളിൽ ഇരുകൂട്ടർക്കും പരിക്കുപറ്റിയിട്ടുണ്ടെന്നും കൗൺസിലിൽ നിവേദനം നൽകാൻ വന്നവരാണ് അക്രമം അഴിച്ചുവിട്ടതെന്നുമുള്ള മന്ത്രി യുടെ മറുപടി അങ്ങേയറ്റം നിർഭാഗ്യകരമാണ്. കളമശ്ശേരി മുനിസിപ്പൽ ഓഫീസും പോലീസ് സ്റ്റേഷനും തമ്മിൽ 150 മീറ്റർ അകലം മാത്രമാണുള്ളതെ ങ്കിലും വിവരം അറിയിച്ച് അര മണിക്കൂർ കഴിഞ്ഞാണ് പോലീസ് എത്തിയത്. ഇതിനിടയിൽ അക്രമികൾ അവിടെയുണ്ടായിരുന്ന ഫർണിച്ചറുകളും മൈക്കും തകർത്തു. പരിക്കുപറ്റിയ വനിതാ കൗൺസിലർമാർ ഉൾപ്പെടെയു ള്ളവർ ആശുപത്രിയിൽ ചികിത്സയിലാണ്. തെരുവ് വിളക്കുകൾ സ്ഥാപിച്ച തിൽ അഴിമതിയുണ്ടെന്നാരോപിച്ചാണ് അക്രമം നടത്തിയത്. അക്രമികളെ അറസ്റ്റുചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ടെന്ന് മന്ത്രി പറയുക യുണ്ടായി. എന്നാൽ പൊതുമുതൽ നശിപ്പിച്ചതിന് പി.ഡി.പി.പി. ആക്ട് പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. പ്രസ്തുത സംഭവം സംബന്ധിച്ച് സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ശ്രീ. എ.എം. യൂസഫ്: കളമശ്ശേരിയിലുണ്ടായ ഈ സംഭവം നിർഭാഗ്യ കരമാണ്. അക്രമ പ്രവർത്തനങ്ങൾ നടത്തിയത് ഏത് പാർട്ടിക്കാരായാലും

നിഷ്പക്ഷമായ നിലപാടെടുക്കണം. കൗൺസിൽ തീരുമാനമില്ലാതെ 2,86,000 രൂപ തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിനായി ചെലവഴിച്ചുവെന്നുള്ള താണ് പ്രശ്നം. ഈ സംഭവത്തെ രാഷ്ടീയവൽക്കരിക്കരുത്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കൗൺസിൽ യോഗം നടക്കുന്ന സന്ദർഭത്തിൽ പുറത്ത് സത്യാഗ്രഹം നടത്തിക്കൊണ്ടിരുന്നവർ നിവേദനം നൽകാൻ പോയപ്പോഴാണ് സംഘർഷമുണ്ടായത്. പ്രതിപക്ഷ കൗൺസിലർമാർ കൗൺസിൽ യോഗസ്ഥലത്തേയ്ക്ക് പോകുന്നത് തടയാൻ ആർക്കും കഴിയില്ല. എൽ.ഡി.എഫ്. കൗൺസിലർമാർ നൽകിയ പരാതി അനുസരിച്ച് അവരെ മർദ്ദിച്ച പ്രതികളെ പിടിച്ചിട്ടില്ല, അവരേയും പിടിക്കും. അക്രമം നടത്തിയത് ആരായാലും അവർക്കെതിരെ നിയമാനുസൃതമായ നടപടി സ്വീകരിക്കും. തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് ബി.ഒ.ടി. അടിസ്ഥാനത്തിൽ കരാറു കാരൻ അടയ്ക്കേണ്ട 2,86,000 രൂപ നഗരസഭാ ഫണ്ടിൽ നിന്നെടുത്ത് കൊടുത്തതു സംബന്ധിച്ചുണ്ടായ പ്രശ്നമാണ് അവിടെയുണ്ടായത്. എങ്കിൽപ്പോലും നഗരസഭാ യോഗം നടക്കുന്ന സ്ഥലത്ത് അംഗങ്ങളല്ലാത്തവർ പോകാനോ പ്രശ്നങ്ങളുണ്ടാക്കാനോ പാടില്ല. അത് സർക്കാർ അനുവദിക്കു കയില്ല. സംഭവ സ്ഥലത്ത് പോലീസ് എത്താൻ വൈകിയതിനേയും പൊതു മുതൽ നശിപ്പിച്ചതിനെതിരെ പി.ഡി.പി.പി. ആക്ട് പ്രകാരം കേസ്സെടു ക്കാത്തതിനേയും സംബന്ധിച്ച് പരിശോധിക്കാം. സഭാ നടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യേണ്ട അടിയന്തിര സാഹചര്യമൊന്നും ഇപ്പോൾ അവിടെ നില നിൽക്കുന്നില്ല.

(അടിയന്തിരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു).

## ശ്രദ്ധ ക്ഷണിക്കൽ

### (1) പാരലൽ കോളേജ് വിദ്യാർത്ഥികളും അദ്ധ്യാപകരും നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. യു.സി. രാമൻ: പാരലൽ കോളേജുകളിൽ പഠിക്കുന്ന ഏതാണ്ട് മൂന്നുലക്ഷത്തോളം വരുന്ന വിദ്യാർത്ഥികൾ സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നവരാണ്. ഇവർക്ക് കലാകായിക രംഗത്ത് മാറ്റുരയ്ക്കാനുള്ള വേദികൾ ലഭിക്കുന്നില്ല. കലാകായിക രംഗത്ത് മികവ് പുലർത്തുന്ന സർക്കാർ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് ഇന്റേണലായി നൽകുന്ന 20 മാർക്ക്, പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകുന്ന ലംപ്സം ഗ്രാന്റ്, മുസ്ലീം വിഭാഗത്തിലെ കുട്ടികൾക്കു നൽകുന്ന സ്കോളർഷിപ്പ്, സർക്കാർ ഡിപ്പോ വഴി മാത്രം വിതരണം ചെയ്യുന്ന പാഠപുസ്തകങ്ങൾ തുടങ്ങിയവ പാരലൽ കോളേജ് വിദ്യാർത്ഥികൾക്ക് ലഭിക്കുന്നില്ല. ഇത്തവണ ഏകജാലക സംവിധാനം നടപ്പിലായപ്പോൾ പ്രൈവറ്റ് രജിസ്ട്രേഷൻ നിർത്തലാക്കി. ഏകജാലക സംവിധാനംവഴി അഡ്മിഷൻ കിട്ടിയ കുട്ടികൾ നേരത്തെ ഓപ്പൺ സ്കൂളിൽ അടച്ച ഫീസ് ഇതുവരേയും തിരികെ നൽകിയിട്ടില്ല. കൂടാതെ പരീക്ഷ സെന്റർ അനുവദിക്കുന്ന കാര്യത്തിലും ഈ വിഭാഗം കുട്ടികളോട് വിവേചനം കാണിക്കുന്നു. സർക്കാർ മേഖലയിലെ കുട്ടികൾക്ക് അനുവദിക്കുന്നതുപോലെ യാത്ര പാസ് ആനുകൂല്യം പാരലൽ സ്ഥാപനങ്ങളിലെ കുട്ടികൾക്ക് അനുവദിച്ചിട്ടുണ്ടെങ്കിലും അനേകം കടമ്പകൾ കടന്നെങ്കിൽ മാത്രമേ കൺസെഷൻ ടിക്കറ്റ് കിട്ടുകയുള്ളൂ. ഇരുപത് വർഷം ഈ രംഗത്ത് സേവനമനുഷ്ഠിക്കുന്ന അദ്ധ്യാപകർക്ക് പെൻഷൻ നൽകുന്നതോടൊപ്പം ഇവർക്ക് ക്ഷേമനിധി രൂപീകരിക്കുന്നതിനും നടപടി

യുണ്ടാകണം. ഈ രംഗത്തുള്ള പ്രയാസങ്ങൾ ലഘൂകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): കേരളത്തിലെ പാരലൽ കോളേജുകളിൽ ദരിദ്രരായ വിദ്യാർത്ഥികൾക്ക് തുടർപഠനം നടത്താനുള്ള സൗകര്യമാണ് ലഭിക്കുന്നത്. പ്രൈവറ്റ് രജിസ്ട്രേഷൻ നിർത്തലാക്കാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. സ്കോളർഷിപ്പ് നൽകുന്നതു സംബന്ധിച്ച് കൂടുതൽ പരിശോധിച്ച് മാത്രമേ തീരുമാനിക്കാൻ കഴിയുകയുള്ളൂ. സംസ്ഥാന ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടത്തുന്ന കേരളോത്സവങ്ങളിൽ പങ്കെടുത്ത് കലാകായിക രംഗങ്ങളിലെ മികവ് തെളിയിക്കാനുള്ള അവസരം പ്രൈവറ്റ് മേഖലയിലെ കുട്ടികൾക്ക് ഇപ്പോൾത്തന്നെയുണ്ട്. ഇങ്ങനെ കഴിവ് തെളിയിക്കുന്ന വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകുന്ന കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്. സമാന്തര മേഖലയിലെ കുട്ടികൾക്കുമാത്രമായി കലാമേളയും കായികമേളയും നടത്താൻ കഴിയുമോയെന്നത് പരിശോധിച്ച് തീരുമാനിക്കേണ്ടതാണ്. നിരന്തര മൂല്യനിർണ്ണയം ഓപ്പൺ സ്കൂളുകളിൽ രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികൾക്കും ബാധകമാണ്. ഓപ്പൺ സ്കൂളുകളിൽ പ്രൈവറ്റായി രജിസ്റ്റർ ചെയ്യുകയും പിന്നീട് ഏകജാലക സംവിധാനം വഴി പ്രവേശനം കിട്ടുകയും ചെയ്ത വിദ്യാർത്ഥികൾ ആവശ്യമായ രേഖകൾ ഹാജരാക്കിയാൽ അടച്ച തുക തിരികെ ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസ്സുകളിലും പ്രൈവറ്റ് ബസ്സുകളിലും കൺസെഷൻ ടിക്കറ്റ് ലഭിക്കുന്നതിന് ട്രാൻസ്പോർട്ട് വകുപ്പുമായി ആലോചിച്ച് പരിഹാരം കാണാൻ ശ്രമിക്കുന്നതാണ്. അദ്ധ്യാപകർക്കുള്ള പെൻഷൻ പദ്ധതിയെ സംബന്ധിച്ച് തൊഴിൽ വകുപ്പു

മായി ആലോചിക്കുന്നതാണ്. ഓപ്പൺ സ്കൂളുകളിൽ നാഷണൽ ഓപ്പൺ സ്കൂളുകളിലേതുപോലെ വിഷയ കോമ്പിനേഷൻ വേണമെന്നുള്ള ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ ഓപ്പൺ സ്കൂളിന്റെ ഘടന, നടത്തിപ്പ്, ഉള്ളടക്കം എന്നിവയെക്കുറിച്ച് വിശദമായി പഠിക്കാൻ നിയോഗിച്ച വിദഗ്ദ്ധ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ കൈക്കൊള്ളുന്നതാണ്. സ്കോളർഷിപ്പ് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. പാഠപുസ്തകങ്ങളുടെ ലഭ്യതയും വിതരണവും പുന:സംവിധാനം ചെയ്യുന്നതിനെക്കുറിച്ച് പരിശോധിക്കാം. പരീക്ഷ സെന്റർ അനുവദിക്കുന്നതിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. അദ്ധ്യാപകർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യത്തിൽ വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശമനുസരിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(2) <u>ആലുവ-മൂന്നാർ റോഡ്</u>

<u>ശ്രീ. ടി.യു. കുരുവിള</u> : ആലുവയിൽനിന്നും മൂന്നാറിലേയ്ക്ക് പോകുന്ന റോഡ് കാലപ്പഴക്കംകൊണ്ട് ഉപയോഗശൂന്യമായിരിക്കുകയാണ്. ഈ റോഡിന്റെ വനമേഖലയിലൂടെ കടന്നുപോകുന്ന ഭാഗത്തിന്റെ പണി നടത്താൻ വനം വകുപ്പുമന്ത്രി ഇടപെടണം. വർഷങ്ങൾക്കുമുമ്പ് ഉപയോഗിച്ചുകൊണ്ടിരുന്ന പഴയ റോഡ് മെറ്റൽ ചെയ്യുന്നതിന് പ്രിൻസിപ്പൽ കൺസർവേറ്റർ അനുവാദം നൽകിയെങ്കിലും മലയാറ്റൂർ ഡി.എഫ്.ഒ. തടസ്സം പറയുന്നതിനാൽ യാത്രക്കാർ ബുദ്ധിമുട്ടുകയാണ്.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ. ബിനോയ് വിശ്വം)</u> : നെടുമ്പാശ്ശേരി-കൊടൈക്കനാൽ ദേശീയപാതയിലെ പഴയ ആലുവ-മൂന്നാർ റോഡിൽ വനമേഖലയിലൂടെ കടന്നുപോകുന്ന ഭാഗത്തിന്റെ പുനർനിർമ്മാണത്തിനുള്ള പ്രൊപ്പോസലൊന്നും വനം വകുപ്പിൽ ലഭിച്ചിട്ടില്ല. യൂസർ

ഏജൻസിയിൽനിന്ന് പ്രൊപ്പോസൽ ലഭിച്ചാൽ കേന്ദ്ര വന നിയമത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. ഫോറസ്റ്റിൽക്കൂടിയുള്ള റോഡിന്റെ ഇന്നത്തെ സ്ഥിതിക്ക് മാറ്റം വരുത്തണമെങ്കിൽ പ്രത്യേക അനുമതി വേണ്ടിവരും.

**സബ്മിഷൻ**

(1) മലയാളികളുടെ മോചനം

ശ്രീ. കെ.വി.അബ്ദുൾ ഖാദർ : മലേഷ്യൻ തലസ്ഥാനമായ കോലാലംപൂരിൽ തൊഴിൽ നിയമം ലംഘിച്ചു എന്ന കുറ്റം ചുമത്തി ജയിലിൽ അടച്ചിരിക്കുന്ന 78-ഓളം മലയാളികളെ മോചിപ്പിക്കാൻ വിദേശകാര്യവകുപ്പുമായി ബന്ധപ്പെട്ട് അടിയന്തിര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ.എസ്. ശർമ്മ) : മതിയായ രേഖകളില്ലാതെ 78 മലയാളികൾ കോലാലംപൂരിലെ ഖജാജ് എന്ന സ്ഥലത്ത് പോലീസ് സെല്ലിൽ അനുഭവിച്ച് കഴിയുകയാണെന്ന പത്ര റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നോർക്ക വകുപ്പ് 25-02-09-നുതന്നെ വിദേശകാര്യ മന്ത്രാലയത്തിനും പ്രവാസികാര്യ മന്ത്രാലയത്തിനും മലേഷ്യയിലെ ഇൻഡ്യൻ ഹൈക്കമ്മീഷനും അവരെ മോചിപ്പിക്കാനാവശ്യമായ ശ്രമങ്ങൾ നടത്തണമെന്നും അവർക്കാവശ്യമായ ഭക്ഷണവും മറ്റ് സൗകര്യങ്ങളും ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് ഫാക്സ് സന്ദേശം അയച്ചിട്ടുണ്ട്. മറുപടി ലഭ്യമായാൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(2) സതീഷിന്റെ ദുരൂഹ മരണം

ശ്രീ. ആർ. സെൽവരാജ് : കോട്ടയം ജില്ലയിലെ തിടനാട് ഗ്രാമപഞ്ചായത്ത് ഓഫീസിൽ യു.ഡി.ക്ളാർക്കായി ജോലി ചെയ്തിരുന്ന പാറശ്ശാല

സ്വദേശി സതീഷിന്റെ ദുരൂഹ മരണം സംബന്ധിച്ച് അന്വേഷണം നടത്തി സത്യാവസ്ഥ പുറത്തുകൊണ്ടുവരണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ.എസ്. ശർമ്മ) : തിരുവനന്തപുരം പാറശ്ശാല സ്വദേശിയും കോട്ടയം തിടനാട് ഗ്രാമപഞ്ചായത്ത് ഓഫീസ് ജീവനക്കാരനുമായിരുന്ന സതീഷ് 19-02-09-ന് തിടനാട്ടുള്ള വാടക കെട്ടിടത്തിലെ മുറിയിൽ ഫാനിൽ കെട്ടിത്തൂങ്ങി മരിച്ചു എന്നുള്ള കെട്ടിടമുടമയുടെ പരാതി പ്രകാരം അസ്വാഭാവിക മരണത്തിന് തിടനാട് പോലീസ് സ്റ്റേഷനിൽ കേസ്സ് രജിസ്റ്റർ ചെയ്യുകയും ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ സാന്നിധ്യത്തിൽ പോലീസ് സബ് ഇൻസ്പെക്ടർ പ്രേതവിചാരണ റിപ്പോർട്ട് തയ്യാറാക്കിയശേഷം കോട്ടയം മെഡിക്കൽ കോളേജിൽ പോസ്റ്റ് മോർട്ടം നടത്തുകയും ചെയ്തു. കെട്ടിത്തൂങ്ങി മരണപ്പെട്ടതായാണ് പോസ്റ്റ് മോർട്ടം നടത്തിയ ഡോക്ടർ അഭിപ്രായപ്പെട്ടത്. എന്നാൽ മരണത്തിൽ സംശയമുണ്ടെന്ന് ആരോപിച്ച് ബന്ധുക്കൾ സ്ഥലത്തുണ്ടായിരുന്ന പഞ്ചായത്ത് ജീവനക്കാരുമായി തർക്കിച്ചതിനാൽ ജീവനക്കാർ ആരുംതന്നെ മൃതദേഹത്തെ അനുഗമിക്കുകയുണ്ടായില്ല. പരാതി ഈരാറ്റുപേട്ട സർക്കിൾ ഇൻസ്പെക്ടർ അന്വേഷിച്ചുവരുന്നു.

(3) ഡോക്ടർമാരുടേയും അനുബന്ധ സ്റ്റാഫിന്റേയും നിയമനം

ശ്രീ. എം. മുരളി : 100 കിടക്കകൾ സജ്ജീകരിച്ചിട്ടുള്ളതും ഒരു വർഷത്തിനുമുമ്പ് കെട്ടിട നിർമ്മാണം പൂർത്തിയായതുമായ മാവേലിക്കര ഗവൺമെന്റ് ആശുപത്രിയിൽ ഡോക്ടർമാരേയും മറ്റ് സ്റ്റാഫിനേയും നിയമിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

ആരോഗ്യവകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : മാവേലിക്കര താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ അനുവദിക്കപ്പെട്ട തസ്തികൾക്ക് പുറമെ ഡോക്ടർമാരുടേയും സ്റ്റാഫിന്റെയും തസ്തിക സൃഷ്ടിക്കാനുള്ള നിർദ്ദേശം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

## (4) "ഹോം സ്റ്റേ" യുടെ പ്രവർത്തനം

പ്രൊഫ. കെ.വി. തോമസ് : ലക്ഷ്വറി ടാക്സ്, സെയിൽസ് ടാക്സ്, ഇലക്ട്രിസിറ്റി താരിഫ് എന്നിവ ഉയർത്തിയതുമൂലം തടസ്സപ്പെട്ടിരിക്കുന്ന ഹോംസ്റ്റേകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കേന്ദ്ര ഗവൺമെന്റിന്റെ ടൂറിസം ഡിപ്പാർട്ടുമെന്റ് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ കേരളത്തിൽ നടപ്പിലാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ.എസ്. ശർമ്മ) : സംസ്ഥാന ടൂറിസം വകുപ്പിന്റെ അംഗീകാരത്തോടെ കേരളത്തിൽ പ്രവർത്തിക്കുന്ന ഹോംസ്റ്റേകൾക്ക് ടൂറിസം മേഖലയിൽ അടിസ്ഥാന സൗകര്യ വികസനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടാണ് പ്രത്യേക ക്ളാസിഫിക്കേഷൻ ഏർപ്പെടുത്തിയത്. ഇപ്പോൾ നിലവിൽ വന്നിട്ടുള്ള ടാക്സിനെക്കുറിച്ച് വകുപ്പുതലത്തിൽ ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രിസിറ്റി താരിഫ്, ബിൽഡിംഗ് ടാക്സ്, വാട്ടർ ടാക്സ് എന്നിവ സംബന്ധിച്ച് ഹോംസ്റ്റേകളിൽ ഉടമ ഉപയോഗിക്കുന്ന മുറിയും ടൂറിസ്റ്റുകൾ ഉപയോഗിക്കുന്ന മുറിയും പ്രത്യേകം തിരിച്ച് മീറ്റർ ഘടിപ്പിച്ച് താരിഫ് ഈടാക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

(5) എടപ്പാൾ - കുറ്റിപ്പുറം റോഡിന്റെ ശോചനീയാവസ്ഥ

ശ്രീ. പി.പി. അബ്ദുള്ളകുട്ടി : മലപ്പുറം ജില്ലയിലെ എടപ്പാൾ-കുറ്റിപ്പുറം നാഷണൽ ഹൈവേ പുനർനിർമ്മാണം നടത്തുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്) : എടപ്പാൾ-കുറ്റിപ്പുറം, പാലക്കാട്-ഷൊർണ്ണൂർ റോഡുകളുടെ നിർമ്മാണ പ്രവർത്തനത്തിന്റെ കരാർ 7-11-2002-ന് മലേഷ്യൻ കമ്പനിയായ "റോഡ് ബിൽഡേഴ്സുമായി" ഒപ്പുവച്ചു. തുടർപ്രവർത്തികൾ സ്തംഭിച്ചതിനാൽ 25-8-07-ൽ റീടെണ്ടർ ചെയ്തു. അതുപ്രകാരം ലോക ബാങ്കിന്റെ നിർദ്ദേശമനുസരിച്ച് കെ.എസ്.ടി.പി. കോർ പദ്ധതിയിലെ ഈ രണ്ട് റോഡുകളുടെയും ബാക്കി പ്രവർത്തികൾ ചെയ്യുന്നതിന് "റോമൻ ടാർമറ്റ്" എന്ന മുംബൈ കമ്പനിയുമായി കരാർ ഉണ്ടാക്കി. ഈ കമ്പനി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചെങ്കിലും അവിടെ വാട്ടർ അതോറിറ്റി ചെയ്തു തീർക്കേണ്ട പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ പണികൾ വീണ്ടും മുടങ്ങി. റോഡ് ഏറ്റവും മോശമായ 10 കിലോമീറ്റർ ദൂരത്തിലാണ് പെപ്പ്ലൈനുകൾ സ്ഥാപിക്കേണ്ടിയിരുന്നത്. പൊതുമരാമത്ത് വകുപ്പ് വാട്ടർ അതോറിറ്റിക്ക് ഈ പ്രവർത്തിയുമായി ബന്ധപ്പെട്ട് അടയ്ക്കേണ്ടിയിരുന്ന തുക അടച്ചെങ്കിലും പൈപ്പ്ലൈൻ പ്രവൃത്തികൾ നടത്താൻ വാട്ടർ അതോറിറ്റിക്ക് കഴിയാതെ വന്നതിനെത്തുടർന്ന് പ്രസ്തുത കമ്പനിക്ക് നിർമ്മാണ പ്രവർത്തനം തുടരാൻ തടസ്സമുണ്ടായി. നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കുന്നതിന് ഗവൺമെന്റ് വിവിധ യോഗങ്ങൾ വിളിച്ചു ചേർത്തെങ്കിലും വാട്ടർ അതോറിറ്റി

പ്രവൃത്തികൾ നടത്താതിരുന്ന പ്രശ്നം ചൂണ്ടിക്കാണിച്ച് കമ്പനി ഒഴിഞ്ഞു മാറുകയായിരുന്നു. ഇതെല്ലാം വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കാൻ കെ.എസ്.ടി.പി. ചീഫ് എൻജിനീയറെ ചുമതലപ്പെടുത്തി. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 17-12-08 ന് മരാമത്ത് വകുപ്പുമന്ത്രി, തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി എന്നിവർ ചേർന്ന് യോഗം വിളിച്ചു ചേർത്തുവെങ്കിലും പ്രവൃത്തികൾ ത്വരിതപ്പെടുത്തുവാൻ കമ്പനി തയ്യാറായില്ല. ബാക്കിവരുന്ന 20 കിലോമീറ്റർ ദൂരം പണികൾ കമ്പനിക്ക് വേണമെങ്കിൽ ചെയ്യാമായിരുന്നുവെങ്കിലും നഷ്ടം വരും എന്ന നിലപാട് കമ്പനി എടുത്തു. അതുകൊണ്ട് വാട്ടർ അതോറിറ്റിയുടെ വർക്കുകൾ എത്രയുംവേഗം ചെയ്യുന്നതിന് ജലവിഭവ വകുപ്പുമന്ത്രി നിർദ്ദേശം കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ആ പ്രവൃത്തികൾ ഇപ്പോൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. ഈ റോഡ് സഞ്ചാരയോഗ്യമാക്കുന്നതിന് 33 ലക്ഷം രൂപ പ്രത്യേകമായി അനുവദിച്ചിട്ടുണ്ട്. 28-ാം തീയതിക്കു മുൻപായി ഈ പ്രവൃത്തികൾ പൂർത്തീകരിക്കണമെന്ന നിർദ്ദേശമാണ് കൊടുത്തിട്ടുള്ളത്. ഇപ്പോൾ പ്രവൃത്തി ചെയ്യുന്ന "റോമൻ ടാർമറ്റ്" കമ്പനിയെ ടെർമിനേറ്റ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. പ്രവൃത്തികൾ എത്രയുംവേഗം പുനർ ക്രമീകരിച്ച് ഈ സീസണിൽ പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി നടപടി സ്വീകരിക്കുന്നതാണ്.

## (6) മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

ശ്രീ. ആര്യാടൻ മുഹമ്മദ് : നിലമ്പൂർ താലൂക്കിൽ പല കെട്ടിടങ്ങളിലായുള്ള സർക്കാർ ഓഫീസുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതിന് ഒരു മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : ഇരുപതിലധികം സർക്കാർ ഓഫീസുകൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. താലൂക്കിന്റെ പല ഭാഗത്തായി വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന സർക്കാർ ഓഫീസുകൾ ഒരു കെട്ടിടത്തിൽ പ്രവർത്തിപ്പിക്കുകയാണെങ്കിൽ ജനങ്ങൾക്ക് പ്രയോജനം ചെയ്യും. ഒരേക്കർ സ്ഥലം നിലമ്പൂർ വില്ലേജിൽത്തന്നെ കണ്ടെത്തിയിട്ടുണ്ട്. ഈ വർഷംതന്നെ സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(7) കാർഷിക സർവ്വകലാശാലയിലെ സാമ്പത്തിക പ്രതിസന്ധി

ശ്രീ. സി.പി. മുഹമ്മദ് : കേരള കാർഷിക സർവ്വകലാശാലയുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് 125 കോടി രൂപ ഒറ്റത്തവണ ഗ്രാന്റായി നൽകുകയോ 2009-2010 വർഷത്തെ പദ്ധതി ഗ്രാന്റിൽ 50% വർദ്ധനവ് വരുത്തുകയോ ചെയ്യണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : കേരള കാർഷിക സർവ്വകലാശാലയുടെ പ്രശ്നങ്ങളെ സംബന്ധിച്ച് പഠിക്കുന്നതിന് നിയോഗിച്ച ഏകാംഗ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(8) മുട്ടം ഗവൺമെന്റ് പോളിടെക്നിക്കിലെ റാഗിംഗ്

ശ്രീ. പി.സി. ജോർജ് : ഈരാറ്റുപേട്ട സ്വദേശിയും മുട്ടം പോളിടെക്നിക് ഒന്നാം വർഷ വിദ്യാർത്ഥിയുമായ മുഹമ്മദ് അൻസാദിനെ 18-02-09-ന് യൂണിയൻ ചെയർമാനുൾപ്പെടെ പത്തോളം സീനിയർ വിദ്യാർത്ഥികൾ ചേർന്ന് ക്രൂരമായി റാഗ് ചെയ്യുകയും മർദ്ദിക്കുകയും ചെയ്തതിനെത്തുടർന്ന് ശാരീരിക മാനസിക അസുഖം ബാധിച്ച് കോട്ടയം മെഡിക്കൽ കോളേജിൽ ചികിൽസയിലായ സംഭവം സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാരുടെ

പേരിൽ ക്രിമിനൽ കേസ് എടുക്കുകയും മാതൃകാപരമായി ശിക്ഷിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ.എസ്. ശർമ്മ) : ഈ വിഷയം സംബന്ധിച്ച് കോളേജ് പ്രിൻസിപ്പലിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. മുട്ടം ഗവൺമെന്റ് പോളിടെക്നിക്കിലെ ഒന്നാം വർഷ വിദ്യാർത്ഥിയായ മുഹമ്മദ് അൻസാദിനെ അതേ കോളേജിലെ തന്നെ സീനിയർ വിദ്യാർത്ഥി കളുടെ നേതൃത്വത്തിൽ കണ്ടാലറിയാവുന്ന പത്തോളംപേർ ചേർന്ന് റാഗ് ചെയ്തതായും അതിന്റെ ആഘാതത്തിൽ കുട്ടിക്ക് സുഖമില്ലാതെ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിൽസയിലായതായും അൻസാദിന്റെ പിതാവ് 24/2/09 ന് കോളേജ് പ്രിൻസിപ്പലിന് പരാതി നൽകിയ തിന്റെ അടിസ്ഥാനത്തിൽ മുജീബ് റഹ്മാൻ, സുബിൻ, സുരേഷ് എന്നിവരെ അന്വേഷണ വിധേയമായി 25/2/09 മുതൽ സസ്പെൻഡ് ചെയ്യുകയും വിവരം രേഖാമൂലം കാഞ്ഞാർ പോലീസ് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്തി ട്ടുണ്ടെന്ന് പ്രിൻസിപ്പൽ അറിയിച്ചിരിക്കുകയാണ്. വിശദമായ റിപ്പോർട്ട് വരുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുന്ന താണ്.

## (9) തീപിടുത്തത്തിൽ മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് സഹായം

ശ്രീ. വർക്കല കഹാർ : ഇടവ പഞ്ചായത്തിലെ വെറ്റക്കട പ്രദേശത്ത് തീപിടുത്തമുണ്ടായതിനെത്തുടർന്ന് ജീവനോപാധികൾ കത്തിനശിച്ച മത്സ്യ

ത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് പ്രത്യേക പരിഗണന നൽകണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : വർക്കല നിയോജകമണ്ഡലത്തിൽപ്പെട്ട ഇടവ പഞ്ചായത്തിലെ വെറ്റക്കട കടപ്പുറത്ത് ആലിൻമൂട് പള്ളിക്ക് തെക്കായി സ്ഥിതിചെയ്യുന്ന കടൽപ്രദേശത്തുണ്ടായ തീപിടുത്തത്തിൽ 10.50 ലക്ഷം രൂപയുടെ നാശനഷ്ടമുണ്ടായതായി കണക്കാക്കപ്പെടുന്നു. നഷ്ടത്തിനിരയായവർക്ക് ആശ്വാസം നൽകുന്നതിന് ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ പ്രത്യേക പദ്ധതിയൊന്നും നിലവിലില്ലെങ്കിലും പ്രകൃതി ദുരന്ത സഹായ പദ്ധതി യിൽപ്പെടുത്തി സഹായം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കു ന്നതാണ്.

(10) കാർഷിക സർവ്വകലാശാലയിൽ നടന്ന വിത്ത് കൈമാറ്റം

ശ്രീ. വി. എസ്. സുനിൽകുമാർ : കേന്ദ്ര ഗവൺമെന്റിന്റെ ബയോളജിക്കൽ ഡൈവേഴ്സിറ്റി ആക്റ്റ് അനുസരിച്ചുള്ള നിബന്ധനയ്ക്ക് വിരുദ്ധമായി കാർഷിക യൂണിവേഴ്സിറ്റിയിലെ പട്ടാമ്പി റീജിയണൽ കേന്ദ്രത്തിൽനിന്നും 57 ഇനം നെൽവിത്തിന്റെ ജേംപ്ലാസം ഒരു സ്വകാര്യ റിസർച്ച് കമ്പനിക്ക് കൈമാറിയിരിക്കുന്ന അത്യന്തം ഗുരുതരമായ ക്രമക്കേടിനെക്കുറിച്ച് അന്വേഷണം നടത്തി കുറ്റകാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : പട്ടാമ്പി റീജിയണൽ കേന്ദ്രത്തിൽനിന്നും വിത്ത് കൈമാറിയെന്ന വിവരം ശ്രദ്ധയിൽപ്പെട്ടയുടൻതന്നെ കാർഷിക സർവ്വകലാശാല വൈസ് ചാലൻസലറോട് റിപ്പോർട്ട് ആവശ്യപ്പെടുകയും ഇത്തരം നീക്കങ്ങളുണ്ടായിട്ടുണ്ടെങ്കിൽ

അടിയന്തിരമായി നിറുത്തിവയ്ക്കണമെന്ന നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയത്തെ സംബന്ധിച്ചുള്ള കൃഷി വകുപ്പു സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ടിൽ ഇങ്ങനെയൊരു കൈമാറ്റം നടന്നതായി പരാമർശിക്കപ്പെട്ടിട്ടില്ല. വൈസ് ചാൻസലറുടെ റിപ്പോർട്ട് ലഭ്യമായാലുടൻ കൂടുതൽ നടപടി ആവശ്യമാണെങ്കിൽ സ്വീകരിക്കുന്നതാണ്.

(11) അഗ്രിഫാമിന്റെ ശോചനീയാവസ്ഥ

ശ്രീമതി ജെ. അരുന്ധതി : വാമനപുരം നിയോജകമണ്ഡലത്തിലെ 450 ഏക്കർ ഭൂമിയിൽ പ്രവർത്തിച്ചുവരുന്ന പെരിങ്ങമല അഗ്രിഫാമിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സംസ്ഥാനത്തെ കൃഷി വകുപ്പിന്റെ കീഴിലുള്ള എല്ലാ ഫാമുകളുടേയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കുന്നതിനുവേണ്ട സമഗ്രമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(12) തടയണയുടെ നിർമ്മാണം

ശ്രീ. കെ. കെ. ദിവാകരൻ : പറളി ഗ്രാമപഞ്ചായത്തിലെ കുടിവെള്ള സ്രോതസ്സായ ചെക്ക്ഡാമിന്റെയും ഭാരതപ്പുഴയ്ക്ക് കുറുകെയുള്ള തടയണയുടേയും പണി പൂർത്തിയാക്കാൻ സത്വര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : 26-03-2004-ൽ ആരംഭിച്ച പണി നിശ്ചിതസമയത്തിനുള്ളിൽ തീർക്കാത്തതിനാൽ രണ്ടര ലക്ഷം രൂപ പിഴയോടുകൂടി സമയം ദീർഘിപ്പിച്ചു നൽകിയെങ്കിലും പണി പൂർത്തിയാക്കാത്ത സാഹചര്യത്തിൽ റിസ്ക് ആന്റ് കോസ്റ്റിൽ കരാറുകാരനെ ടെർമിനേറ്റ് ചെയ്യാൻ തീരുമാനിക്കുകയാണുണ്ടായത്. എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടി സ്വീകരിച്ച് കാലതാമസം കൂടാതെ ചെക്ക്

ഡാമിന്റേയും തടയണയുടേയും പണി പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(13) വിഴിഞ്ഞം കുടിവെള്ള പദ്ധതിയുടെ അനുബന്ധ പദ്ധതി

ശ്രീ. ജോർജ് മേഴ്സിയർ : ജലജന്യരോഗങ്ങളുടെ വിഹാരകേന്ദ്രമായ വിഴിഞ്ഞം പ്രദേശത്ത് ഫിഷറീസ് ഡിപ്പാർട്ട്മെന്റ് ഒന്നരക്കോടി രൂപ ചെലവിൽ ഓവർഹെഡ് ടാങ്ക് സ്ഥാപിച്ചെങ്കിലും വെള്ളം ശുദ്ധീകരിക്കപ്പെടാത്ത സ്ഥിതി നിലനിൽക്കുന്നതുകൊണ്ട് ശുദ്ധജലക്ഷാമം രൂക്ഷമായിരിക്കുന്ന അവസ്ഥയ്ക്ക് അടിയന്തിര പരിഹാരം കാണണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിന്റേയും, വിഴിഞ്ഞം ഗ്രാമപഞ്ചായത്തിന്റേയും വാട്ടർ അതോറിറ്റിയുടേയും സംയുക്ത സംരംഭമായി ആരംഭിച്ച വിഴിഞ്ഞം കുടിവെള്ള പദ്ധതിയുടെ ശേഷി വർദ്ധിപ്പിച്ച് പഴയ ഇൻഫിൽറ്ററേഷൻ ഗാലറി നീക്കി പുതിയത് സ്ഥാപിച്ചാൽ മാത്രമേ ശുദ്ധീകരണ പ്രക്രിയ പൂർത്തിയാക്കുന്നതിന് കഴിയുകയുള്ളൂ. സുനാമി പദ്ധതിയിൽ ഉൾപ്പെടുത്തി പൂർണ്ണശേഷിയുള്ള ഇൻഫിൽറ്ററേഷൻ ഗാലറി സ്ഥാപിക്കുന്നതിനും പുതുതായി 9.85 കീ.മീ. പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുമായി 57 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും ടെണ്ടർ വിളിക്കുകയും ചെയ്തിട്ടുണ്ട്. ആറ് മാസത്തിനുള്ളിൽ പദ്ധതിയുടെ പണി പൂർത്തീകരിക്കുന്നതാണ്.

(14) വെള്ളിയാങ്കല്ല് റഗുലേറ്റർ-കം-ബ്രിഡ്ജ്

ശ്രീ. ടി. പി. കുഞ്ഞുണ്ണി : തൃത്താലയിലെ വെള്ളിയാങ്കല്ല് റിസർവോയറിൽ ചെളിയും പുൽതുരുത്തിൽ പാഴ്വസ്തുക്കളും അടിഞ്ഞുകൂടുന്നതുമൂലം ജലസംഭരണശേഷി കുറയുകയും ജലം മലിനമാകുകയും

ചെയ്യുന്നത് തടയുന്നതിനും ഷട്ടറിന്റേയും യന്ത്രസാമഗ്രികളുടേയും റീ-പെയിന്റിംഗ് നടത്തുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : 02-09-2007-ൽ പദ്ധതി കമ്മീഷൻ ചെയ്തതിനുശേഷം നടപ്പു സാമ്പത്തിക വർഷം മെയിന്റനൻസിനായി 1000 രൂപയുടെ ടോക്കൺ പ്രൊവിഷൻ മാത്രമാണ് അനുവദിച്ചിരുന്നതെങ്കിലും രണ്ട് പ്രാവശ്യമായി യഥാക്രമം 4,32,000 രൂപയും 10 ലക്ഷം രൂപയും അഡീഷണൽ ആതറൈസേഷൻ മുഖാന്തിരം ലഭ്യമാക്കിയിട്ടുണ്ട്. മൂന്ന് ലക്ഷത്തിൽ ചില്വാനം രൂപ ഉപയോഗിച്ച് വാടക, ഇലക്ട്രിസിറ്റി ചാർജ്ജ്, ടാക്സ് എന്നിവ കൊടുത്തുതീർത്തിട്ടുണ്ട്. റെഗുലേറ്റർ റിപ്പയർ ചെയ്യുക, ഷട്ടറും യന്ത്രസാമഗ്രികളും പെയിന്റ് ചെയ്യുക തുടങ്ങിയവ എത്രയും പെട്ടെന്ന് ചെയ്യുന്നതാണ്. വെള്ളിയാങ്കല്ല് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ വൃഷ്ടി പ്രദേശത്ത് അടിഞ്ഞുകൂടാൻ സാധ്യതയുള്ള ചെളിയും പായലും മഴക്കാലത്ത് ഷട്ടർ തുറക്കുന്നതോടുകൂടി ഒന്നിച്ച് ഒഴുകിപ്പോകുന്നതാണ്.

## (15) പാലം നിർമ്മാണം

ശ്രീ. എം.എ. വാഹീദ് : വർക്കല നിയോജകമണ്ഡലത്തിലെ കടലോര മേഖലയെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന കഠിനംകുളം-മുരുക്കുംപുഴ പാലത്തിന്റെ നിർമ്മാണ പ്രവർത്തനം ത്വരിതപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ.മോൻസ് ജോസഫ്): 36 കോടി രൂപ നിർമ്മാണച്ചെലവ് പ്രതീക്ഷിക്കുന്ന കഠിനംകുളം-മുരുക്കുംപുഴ പാലത്തിന് ഇൻവെസ്റ്റിഗേഷൻ ഫണ്ടായി 6 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. യഥാർത്ഥ

എസ്റ്റിമേറ്റ് തയ്യാറാക്കി സി.ആർ.എഫ്. സ്കീമിൽ ഉൾപ്പെടുത്തി കേന്ദ്ര മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കുന്നതിന് സമർപ്പിക്കുന്നതാണ്.

(16) മൊബൈൽ ഫോൺ ഉപയോഗം

പ്രൊഫ. എൻ. ജയരാജ്: സംസ്ഥാനത്തെ ഹയർ സെക്കണ്ടറിതലം വരെയുള്ള വിദ്യാലയങ്ങളിൽ മൊബൈൽ ഫോണുകൾ ഉപയോഗിക്കുന്നത് നിയമംമൂലം നിരോധിക്കാൻ നടപടി സ്വീകരിക്കണം

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): ഹയർ സെക്കണ്ടറിതലംവരെയുള്ള വിദ്യാലയങ്ങളിലും കോളേജുകളിലും മൊബൈൽ ഫോണിന്റേയും ക്യാമറയുടേയും ദുരുപയോഗം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സർക്കാർ നിരോധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സ്കൂൾതലത്തിലുള്ള എത്തിക്സ് കമ്മിറ്റികളുടെ ഏകീകരണത്തിലൂടേയും ഇവ നിരോധിക്കാൻ സാധിച്ചില്ലെങ്കിൽ ആവശ്യമായ നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

(17) കരുവന്നൂർ ബണ്ട് റോഡ്

ശ്രീ. തോമസ് ഉണ്ണിയാടൻ: ഇരിങ്ങാലക്കുട നിയോജക മണ്ഡലത്തിലെ കരുവന്നൂർ ബണ്ട് റോഡ് പുനർനിർമ്മിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) : പ്രസ്തുത പദ്ധതിക്കായി 2008 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം 1.62 കോടി രൂപ ചെലവ് വരുന്ന എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. വിഷൻ 2010-ൽ ഉൾപ്പെടുത്തി ചെയ്യാൻ ഭരണാനുമതി ലഭ്യമായാൽ പ്രവൃത്തി എത്രയും പെട്ടെന്ന് ഏറ്റെടുത്ത് ചെയ്യുന്നതാണ്.

(18) ഭൂമി സർക്കാർ അധീനതയിൽ ആക്കേണ്ടതിന്റെ ആവശ്യകത

ശ്രീ കെ. കുഞ്ഞമ്മത് മാസ്റ്റർ: സ്വകാര്യവ്യക്തിയുടെ കൈവശമുള്ള മലബാർ മാർക്കറ്റിംഗ് കമ്മിറ്റിയുടെ പേരാമ്പ്രയിലെ 1.36 ഏക്കർ സ്ഥലം സർക്കാർ അധീനതയിലാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി.രാജേന്ദ്രൻ): പേരാമ്പ്ര മണ്ഡലത്തിലെ മലബാർ മാർക്കറ്റിംഗ് കമ്മിറ്റിയുടെ വക സ്ഥലം ശ്രീമതി കല്യാണിക്കുട്ടിയമ്മയ്ക്ക് നൽകിയെങ്കിലും ഗ്രാമ പഞ്ചായത്ത് ഹൈക്കോടതിയിൽ നിന്നും സ്റ്റേ വാങ്ങി വില്ലേജ് ഓഫീസർ ഏറ്റെടുത്ത് സർക്കാർ അധീനതയിൽ സൂക്ഷിച്ചിട്ടുണ്ട്. നിലവിലുള്ള കേസ്സിൽ ഹൈക്കോടതിയുടെ വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ മേൽനടപടികൾ കൈക്കൊണ്ട് പ്രസ്തുത സ്ഥലം സർക്കാർ അധീനതയിൽ നിലനിർത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കും.

(19) എസ്.എസ്.ഐ. യൂണിറ്റുകൾക്ക് കറന്റ് ലഭ്യമാക്കൽ

ശ്രീ. റോഷി അഗസ്റ്റിൻ: ഇടുക്കി നിയോജകമണ്ഡലത്തിൽപ്പെട്ടതും കട്ടപ്പന ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽപ്പെട്ടതുമായ പ്രദേശങ്ങളിൽ പുതുതായി തുടങ്ങാൻ രജിസ്റ്റർ ചെയ്ത എസ്.എസ്.ഐ. യൂണിറ്റുകൾക്ക് കറന്റ് കണക്ഷൻ ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. ലഭിച്ചാൽ മാത്രമേ വൈദ്യുതി കണക്ഷൻ നൽകാവൂ എന്നുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ബോർഡും പ്രസ്തുത ഉത്തരവ് അംഗീകരിച്ച് സർക്കുലർ പുറപ്പെടുവിച്ചു. ഈ നിർദ്ദേശം ജില്ലയിൽ വളരെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്ന

സാഹചര്യത്തിൽ 19-11-07-ന് റവന്യൂ വകുപ്പ് പുതുക്കിയ ഉത്തരവ് പുറപ്പെടുവിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഗാർഹിക/പൊതുസ്ഥാപനങ്ങൾക്ക് പഞ്ചായത്ത് നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ നൽകാവുന്നതാണ്. മേൽപ്പറഞ്ഞ വിഭാഗങ്ങൾക്കൊഴികെയുള്ള വൈദ്യുതി കണക്ഷനുകൾക്ക് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. ആവശ്യമാണ്. ഇക്കാര്യത്തിലെ പ്രയോഗിക ബുദ്ധിമുട്ട് മനസ്സിലാക്കി നിലവിലുള്ള നിയമത്തിൽ ഭേദഗതി വരുത്താൻ എൽ.എസ്.ജി.ഡി, റവന്യൂ വകുപ്പ്, ഇലക്ട്രിസിറ്റി വകുപ്പ് മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ യോഗം ചേരുകയും സാധാരണ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ പരിഹാരം കാണാൻ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

(20) <u>ചീക്കോട്-കുടിവെള്ള പദ്ധതി</u>

<u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :</u> സ്തംഭനാവസ്ഥയിലായ മലപ്പുറം ജില്ലയിലെ ചീക്കോട് കുടിവെള്ള പദ്ധതിയുടെ പണി പുനരാരംഭിക്കണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ):</u> കോഴിക്കോട്-മലപ്പുറം ജില്ലകളിലെ പത്ത് പഞ്ചായത്തുകളിലെ ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്നതും മുടങ്ങികിടക്കുന്നതുമായ ചീക്കോട് പദ്ധതിക്ക് 41 എം.എൽ.ഡി ശേഷിയുള്ള ശുദ്ധീകരണശാല നിർമ്മിക്കുന്നതിനുള്ള ടെണ്ടർ അനുമതിയോടെ ഡിസൈൻ അംഗീകരിക്കാനുള്ള നടപടികൾ തുടർന്നു വരികയാണ്. കൂടാതെ സ്പാൻ പദ്ധതിയിൽ ഉൾപ്പെടുത്തി 70 കോടി രൂപ ചെലവഴിച്ച് പ്രസ്തുത പദ്ധതി നിർമ്മിക്കാനാവശ്യമായ നടപടികൾ ഇലക്ട്രോണിക് ടെണ്ടർ പ്രോസസ് മുഖാന്തിരം സ്വീകരിച്ചു. ടെണ്ടർ എക്സസ്സ് 80 ശതമാനത്തിനു മുകളിലാണ്. ചീഫ് സെക്രട്ടറി ചെയർമാനായ എംപവേർഡ് കമ്മിറ്റി 70 ശതമാനം വരെയുള്ള ടെണ്ടർ എക്സസസ്

അംഗീകരിച്ചു. ലാർസൺ ആന്റ് ട്യൂബ്രോ കമ്പനി പണി ഏറ്റെടുത്ത് ചെയ്യാത്തതിനാലാണ് കാലതാമസം വന്നത്. കാലതാമസം ഒഴിവാക്കുന്നതിന് പ്രസ്തുത കമ്പനിയുമായി നോഗോഷ്യേറ്റ് ചെയ്ത് പ്രവർത്തി ഏറ്റെടുക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

(21) <u>നീർത്തടാധിഷ്ഠിത പ്ലാൻ തയ്യാറാക്കൽ</u>

<u>പ്രൊഫ. സി.രവീന്ദ്രനാഥ് </u>: നീർത്തടാധിഷ്ഠിത പ്ളാൻ തയ്യാറാക്കി മണ്ണ്, ജലം എന്നിവയുടെ സംരക്ഷണവും തൊഴിലുറപ്പു പദ്ധതിയുടെ സാദ്ധ്യതയും പൂർണ്ണമായി ഉപയോഗിക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവവകുപ്പുമന്ത്രി <u>(ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ):</u> ജലവിഭവ വകുപ്പിൽ സമഗ്രമായ നീർത്തടാധിഷ്ഠിത പ്ലാൻ തയ്യാറായിട്ടില്ല. 2008-ൽ പ്രഖ്യാപിച്ച കേരള ജലനയത്തിന്റെ അടിസ്ഥാനത്തിൽ നദീതട-നീർത്തട ജലലഭ്യതാ രേഖകൾ സംസ്ഥാനതലത്തിൽ സംയോജിപ്പിച്ച് ജലവിഭവ വികസനത്തിനും പരിപാലനത്തിനുമുള്ള സമഗ്രമായ ഒരു സംസ്ഥാന മാസ്റ്റർ പ്ലാൻ കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റേയും സമാനമായ ഗവേഷണ സ്ഥാപനങ്ങളുടേയും സാങ്കേതിക പരിജ്ഞാനം ഉപയോഗിച്ചുകൊണ്ട് തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(22) <u>മദ്യ നിരോധന സമിതിയുടെ അനിശ്ചിതകാല സമരം</u>

<u>ശ്രീ. എം. ഉമ്മർ:</u> മാനദണ്ഡങ്ങൾ പാലിക്കാതെ സംസ്ഥാനത്ത് മദ്യഷാപ്പുകൾ അനുവദിക്കുന്നതിനെതിരെ മദ്യ നിരോധന സമിതിയുടെ നേതൃത്വത്തിൽ മലപ്പുറത്ത് അനിശ്ചിതകാല സമരം നടക്കുകയാണ്. അതാത് പ്രദേശങ്ങളിൽ മദ്യഷാപ്പുകൾ അനുവദിക്കാനുള്ള അധികാരം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പുന:സ്ഥാപിച്ച് നൽകുന്നതിനും സമരം അവസാനിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): കേരള മദ്യ നിരോധന സമിതി 2008 ആഗസ്റ്റ് മാസം 21 മുതൽ മലപ്പുറം കളക്ടറേറ്റ് പടിക്കൽ അനിശ്ചിതകാല സത്യാഗ്രഹം നടത്തിവരികയാണ്. മദ്യവർജ്ജനത്തിന്റെ കാര്യത്തിൽ സമിതി കാണിക്കുന്ന താൽപ്പര്യം ഗവൺമെന്റ് പ്രത്യേകം മനസ്സിലാക്കുന്നുണ്ട്. അവർ ഉന്നയിച്ചിട്ടുള്ള പ്രശ്നം സമിതിയുടെ പ്രതിനിധികളുമായി ചർച്ച ചെയ്യുന്നതിനാവശ്യമായ നിർദ്ദേശം മലപ്പുറം ജില്ലാ കളക്ടർക്ക് നൽകുന്നതാണ്.

**മേശപ്പുറത്തുവച്ച കടലാസ്**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

1) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ പതിനാറാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.
2) ഹർജികൾ സംബന്ധിച്ച സമിതിയുടെ ഒമ്പതാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ധനകാര്യം**

2009-2010 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ

സംബന്ധിക്കുന്ന പൊതു ചർച്ച (തുടർച്ച)

ശ്രീ. വി. ശിവൻകുട്ടി: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സാധാരണക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും മറ്റ് സംസ്ഥാനത്തിന് മാതൃകയാക്കാനുതകുന്ന കാര്യങ്ങളും ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. നികുതി വർദ്ധനവില്ലാത്തതും തൊഴിൽ സാദ്ധ്യതകളും ആഭ്യന്തര

ഉൽപ്പാദനവും വർദ്ധിപ്പിക്കാനുതകുന്നതുമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചി ട്ടുണ്ട്. ആഗോള സാമ്പത്തിക മാന്ദ്യത്തെ അതിജീവിക്കാനും സംസ്ഥാന വികസനത്തിന് പുതിയ പാത തുറക്കുന്നതിനും വേണ്ടിയുള്ള ബഡ്ജറ്റാണ് സംസ്ഥാന ഗവൺമെന്റ് അവതരിപ്പിച്ചിരിക്കുന്നത്. സംസ്ഥാനത്തിന്റെ ദീർഘകാല നേട്ടങ്ങൾക്കും ക്ഷേമപ്രവർത്തനങ്ങൾക്കും സാമൂഹ്യ സുരക്ഷ സംവിധാനങ്ങൾക്കുമുള്ള ചെലവ് വെട്ടിക്കുറച്ച് ധനസ്ഥിതി മെച്ചപ്പെടു ത്തുന്ന യുഡി.എഫ്. നയത്തെ തിരുത്തിയിരിക്കുകയാണ്. നികുതി പിരിവ് കാര്യക്ഷമമാക്കിയും റവന്യൂ ചെലവിലെ വർദ്ധനവ് നിയന്ത്രിച്ചും ധനസ്ഥി രതയിലേയ്ക്കാണ് സർക്കാർ ലക്ഷ്യമിടുന്നത്. 2010-2011 ആകുമ്പോഴേയ്ക്കും സംസ്ഥാനത്തിന്റെ റവന്യൂകമ്മി സീറോ ആക്കുന്നതിനുവേണ്ടിയുള്ള ശക്തമായ പ്രവർത്തനങ്ങൽ നടക്കുകയാണ്. ക്ഷേമ ചെലവുകൾക്കും വികസന ചെലവുകൾക്കും യാതൊരു നിയന്ത്രണവും ഏർപ്പെടുത്താതെ കാര്യക്ഷമത ഉയർത്താനുള്ള പരിശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. തനത് നികുതി വരുമാനത്തിൽ ഗണ്യമായ വളർച്ച സംസ്ഥാനത്ത് ഉണ്ടായി ട്ടുണ്ട്. സംസ്ഥാനത്തിന്റെ ഭൂപ്രകൃതിക്കനുസരിച്ചുള്ള മാനദണ്ഡങ്ങളല്ല കേന്ദ്രം കേരളത്തോട് നിർദ്ദേശിച്ചിട്ടുള്ളത്. രാഷ്ട്രീയ പ്രേരിതമായ നിലപാ ടാണ് ഇക്കാര്യത്തിൽ കേന്ദ്രം സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കേന്ദ്ര പദ്ധതി കൾ ഫലപ്രദമായി വിജയിക്കണമെങ്കിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആകെ പ്രോജക്ടിന്റെ 20 ശതമാനത്തോളം തുക അവർ തന്നെ വഹിക്കേണ്ടി വരുംസംസ്ഥാനങ്ങളുടെ പ്രത്യേക താൽപര്യങ്ങൾ മനസ്സിലാക്കാതെ സൊസൈറ്റികൾ വഴിയും നോൺഗവൺമെന്റ് ഓർഗനൈസേഷനുകൾ വഴിയും കേന്ദ്ര ഗവൺമെന്റ് നിരവധി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് സംസ്ഥാനങ്ങൾക്ക്

കൊടുക്കേണ്ട വിഹിതത്തേക്കാൾ കൂടിയ തുകയാണ് അവർക്കിഷ്ടമുള്ള സംസ്ഥാനങ്ങളെ സഹായിക്കുന്നതിനുവേണ്ടി കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി നൽകുന്നത്. മാനദണ്ഡങ്ങൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ഉണ്ടെങ്കിൽപ്പോലും പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് കേന്ദ്രത്തോട് സഹകരിക്കുന്ന നയമാണ് സംസ്ഥാനം സ്വീകരിക്കുന്നത്. 2007-08, 2008-09 വർഷങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പരമാവധി തുക ചെലവഴിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. കുറ്റമറ്റ ഫിനാൻസ് മാനേജ്മെന്റാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്. ക്ഷേമ പദ്ധതികളുടെ കുടിശ്ശികയും പെൻഷൻ കുടിശ്ശികയും ശമ്പള പരിഷ്ക്കരണ ബാധ്യതയും ജീവനക്കാർക്കുള്ള ക്ഷാമബത്ത കുടിശ്ശികയും പൂർണ്ണമായും കൊടുത്തുതീർത്തു. പൊതുവിതരണത്തിനും വിപണി ഇടപെടലിനും ഏറ്റവും ഉയർന്ന ബഡ്ജറ്റ് വിഹിതം നൽകുന്നതിന് തയ്യാറായി. പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള കടബാധ്യത തീർത്ത് പ്രവർത്തനോൻമുഖമാക്കി. കഴിഞ്ഞ 30 മാസത്തെ ഭരണംകൊണ്ട് എല്ലാ രംഗത്തും നേട്ടവും വളർച്ചയും ഉണ്ടാക്കിയെടുക്കുന്നതിന് ഗവൺമെന്റിനു കഴിഞ്ഞിട്ടുണ്ട്. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ടി ഡിപ്പാർട്ടുമെന്റുകളിൽ ഫയലുകൾ കാണുന്നതിനുള്ള ഇദ്യോഗസ്ഥ തട്ടുകൾ കുറയ്ക്കുകയും ഫയലുകൾ വച്ചുതാമസിപ്പിക്കുന്ന ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി യെടുക്കുകയും വേണം. ആറ്റുകാൽ വികസന പദ്ധതിക്കുവേണ്ടി 10 കോടി രൂപയും ഐരാണിമുട്ടം ആശുപത്രിക്കുവേണ്ടി രണ്ടു കോടി രൂപയും കല്ലടിമുഖം പാലംപണിക്ക് 10 കോടി രൂപയും ബഡ്ജറ്റിൽ ഉൾപ്പെടുത്തണം

<u>ശ്രീ. ടി.എൻ. പ്രതാപൻ:</u> ബഡ്ജറ്റിനെ എതിർക്കുന്നു. വെറും ഭാവനകൾകൊണ്ട് മെനഞ്ഞ ഒരു ബഡ്ജറ്റാണിത്. തൊഴിലില്ലായ്മ

പ്രശ്നം നേരിടുന്നതിനുള്ള യാതൊരു പ്രഖ്യാപനവും ബഡ്ജറ്റിൽ ഇല്ല. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പല പാക്കേജുകളും പദ്ധതികളും നടപ്പിലാക്കാതെയാണ് പുതിയവ പ്രഖ്യാപിച്ചിട്ടുള്ളത്. സർക്കാർ ജീവനക്കാരുടെ റിട്ടയർമെന്റ് തീയതി സാമ്പത്തിക വർഷം അവസാനമാക്കിയത് സർവ്വീസിലിരിക്കുന്നവർക്ക് നിലവിലുള്ള സ്ഥിതിയിൽ അർഹമായ പ്രൊമോഷൻ ലഭിക്കാതിരിക്കാനും പുതിയ നിയമനങ്ങൾ നടക്കാതിരിക്കാനും സാഹചര്യമൊരുക്കും. എൻട്രി കേഡറിൽ പുതിയ നിയമനം എന്നത് പ്രായോഗിക തലത്തിൽ വരുത്താൻ ബുദ്ധിമുട്ടുണ്ട്. ഫലത്തിൽ 2010 മാർച്ച് 31 വരെ സർക്കാർ സർവ്വീസിൽ നിയമനങ്ങൾ നടക്കില്ല. സർക്കാരിന്റെ ഈ നിയമന നിരോധന നയത്തിനെതിരെ യുവജന സംഘടനകൾ സമരം ചെയ്യുമെന്ന കാര്യത്തിൽ സംശയമില്ല. പെൻഷൻ പ്രായം വർദ്ധിപ്പിക്കൽ സംസ്ഥാനത്തെ സർവ്വകക്ഷികളുമായി ചർച്ച ചെയ്ത് തീരുമാനിക്കേണ്ട വിഷയമാണ്. രജിസ്റ്റേർഡ് ബ്രാൻഡിലും അൺരജിസ്റ്റേർഡ് ബ്രാൻഡിലുമുള്ള ബിസ്ക്കറ്റുകളുടെയും കൺഫക്ഷനറികളുടെയും നികുതി നിരക്കുകൾ യുക്തിസഹമാക്കുന്നതാണെന്ന പ്രഖ്യാപനത്തെക്കുറിച്ച് വ്യക്തമാക്കണം. അലൂമിനിയം കോമ്പസിറ്റ് പാനൽ തുടങ്ങിയവയുടെ നികുതി മുൻകാല പ്രാബല്യത്തോടെ കുറയ്ക്കാനുള്ള തീരുമാനം കുത്തക കമ്പനികളെ സഹായിക്കുന്നതിനു വേണ്ടിയുള്ളതാണ്. ഈ ഇനത്തിലുള്ള നികുതി ഇളവ് സംസ്ഥാന ഖജനാവിന് കോടിക്കണക്കിന് രൂപയുടെ നഷ്ടമുണ്ടാക്കും.

ശ്രീ. എൻ. രാജൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തോടുള്ള കേന്ദ്ര സർക്കാരിന്റെ കടുത്ത അവഗണനയ്ക്കും അനീതിക്കും പ്രതിരോധം സൃഷ്ടിക്കാനുദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബഡ്ജറ്റ്. ഇൻഷ്വറൻസ്, പെൻഷൻ ഫണ്ട് തുടങ്ങിയവ സ്വകാര്യവൽക്ക

രിക്കുന്നതിനാണ് കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുന്നത്. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഉൾപ്പെടെ രാജ്യത്തെ അഞ്ചോളം സർവ്വകലാശാലകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർക്കുള്ള സംവരണം വേണ്ടെന്നു തീരുമാനിക്കപ്പെട്ടിരിക്കുകയാണ്. ഇപ്പോൾ പിന്നോക്ക സമുദായങ്ങളുടേയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടേയും സംവരണം ഇല്ലാതാക്കാനുള്ള ശ്രമമാണ് നടക്കുന്നത്. എന്നാൽ സംസ്ഥാന ബഡ്ജറ്റിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ധാരാളം ആനുകൂല്യങ്ങളും സഹായ പദ്ധതികളും പ്രഖ്യാപിച്ചിട്ടുണ്ട്. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും രണ്ടു രൂപയ്ക്ക് റേഷൻ അരി നൽകാൻ തീരുമാനിച്ചു. മറ്റുള്ളവർക്ക് മാവേലി സ്റ്റോറുകൾ വഴി 14 രൂപയ്ക്ക് അരി ലഭ്യമാക്കും. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ 25,000 രൂപ വരെയുള്ള കടങ്ങൾ എഴുതിത്തള്ളാൻ തീരുമാനിച്ചു. സാമൂഹ്യ ക്ഷേമ പെൻഷനുകൾ 250 രൂപയാക്കി വർദ്ധിപ്പിച്ചു. 65 വയസ്സു കഴിഞ്ഞവർക്ക് വാർദ്ധക്യകാല അലവൻസ് പ്രഖ്യാപിച്ചു. 18 മുതൽ 60 വയസ്സു വരെ പ്രായമുള്ള കർഷക തൊഴിലാളി ക്ഷേമ നിധിയിൽ അംഗങ്ങളായവർക്ക് പെൻഷൻ, വിവാഹ ധനസഹായം, ചികിൽസ ധനസഹായം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ കൊടുത്തു തീർക്കാൻ 50 കോടി രൂപയെങ്കിലും അനുവദിക്കണം. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി 5,000 കോടി രൂപയുടെ ഭവന പദ്ധതികളാണ് ബഡ്ജറ്റിൽ വിഭാവനം ചെയ്തിരിക്കുന്നത്. ഭൂമിയും വീടും ഇല്ലാത്ത പട്ടികജാതി/പട്ടിവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമിയും വീടും നൽകുന്നതിനുള്ള

ബൃഹത് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ആറളത്ത് ഭൂമി വിതരണം നടത്തുകയും. മൂവായിരം വീടുകളുടെ പണികൾ നടന്നുകൊണ്ടിരിക്കുക യുമാണ്. ചെങ്ങറ സമരം അവസാനിപ്പിക്കുന്നതിന് എല്ലാവരുടേയും സഹകരണം ഉണ്ടാകണം.

ശ്രീ. യു.സി. രാമൻ: ബഡ്ജറ്റിനെ എതിർക്കുന്നു. കണക്കുകൾ കൊണ്ടുള്ള കസർത്ത് മാത്രമാണ് ഈ ബഡ്ജറ്റിൽ കാണുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ 25,000 രൂപ വരെയുള്ള കടം എഴുതിത്തള്ളുമെന്നും അതിനാവശ്യമായ തുക കോർപ്പസ് ഫണ്ടിൽനിന്നും കണ്ടെത്തുമെന്നുമാണ് ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നത്. 25,000 രൂപ ഒരു ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കാനും എഴുതിത്തള്ളുന്ന തുക കോർപ്പസ് ഫണ്ടിൽനിന്നും കണ്ടെത്തുന്നതിനുപകരം മറ്റേതെങ്കിലും മേഖലയിൽനിന്നും കണ്ടെത്താനും നടപടി സ്വീകരിക്കണം. എസ്.സി./എസ്.ടി. വിദ്യാർത്ഥി കളുടെ ആനുകൂല്യങ്ങൾ ഇപ്പോഴുള്ളതിന്റെ ഇരട്ടിയാക്കി വർദ്ധിപ്പിക്കണം. പട്ടിക വിഭാഗങ്ങളിൽപ്പെട്ട പെൺകുട്ടികൾക്ക് 18 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് ഒരു ലക്ഷം രൂപവരെ തിരിച്ചുകിട്ടത്തക്ക വിധത്തിലുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കണം. ഈ വിഭാഗങ്ങളിൽപ്പെട്ട തൊഴിൽ രഹിതരായ യുവാക്കൾക്ക് വിദേശത്ത് ജോലി തേടി പോകുന്നതിന് വിസ ഉൾപ്പെടെയുള്ള കാര്യങ്ങൾക്കാവശ്യമായ തുക നൽകാൻ നടപടിയുണ്ടാ കണം. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ ആരംഭിക്കാനും തിരുവനന്തപുരത്തെ കേന്ദ്രത്തിൽ ഐ.എ.എസ് കോച്ചിംഗ് നൽകാനുമുള്ള സംവിധാനമുണ്ടാകണം. മന്ത്രിമാരുടെ വിദേശ

യാത്രാ ചെലവ് കുറയ്ക്കണം. അണക്കെട്ടുകളിൽ നിന്നുള്ള മണൽ, വനങ്ങളിൽ വീണുകിടക്കുന്ന മരം എന്നിവ വിൽക്കാനുള്ള നടപടി ഉപേക്ഷിക്കണം. ഇ.എം.എസ് സമ്പൂർണ്ണ പാർപ്പിട പദ്ധതിക്ക് 2,000 കോടി രൂപയും എം.എൻ സ്മാരക പാർപ്പിട പദ്ധതിക്ക് 15 കോടി രൂപയും വകയിരുത്തിയതിൽ രാഷ്ട്രീയ വേർതിരിവാണ് വ്യക്തമാകുന്നത്. മദ്രസാ അദ്ധ്യാപകരുടെ ക്ഷേമനിധിയിൽ ഗവൺമെന്റ് വിഹിതമുണ്ടാകണം. ന്യൂനപക്ഷങ്ങൾക്ക് കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന മുഴുവൻ പദ്ധതിയും നടപ്പിലാക്കാനുള്ള സംവിധാനമുണ്ടാക്കണം. സച്ചാർ കമ്മിറ്റി ശുപാർശകൾ നടപ്പിലാക്കണം. പെൻഷൻ തീയതി സാമ്പത്തികവർഷത്തിന്റെ അവസാനമാക്കിയതുമൂലം നൂറുകണക്കിന് ജീവനക്കാരുടെ പ്രൊമോഷൻ സാദ്ധ്യതകൾ ഇല്ലാതാവുകയാണ്. പി. എസ്. സി. നിയമനങ്ങളിലെ 50:50 എന്ന സംവരണതത്വം സംബന്ധിച്ച് തീരുമാനമെടുക്കണം. വിവിധ വകുപ്പുകൾക്ക് സാധാരണ അനുവദിക്കുന്ന തുക ഒന്നായി കാണിച്ച് മലബാർ പാക്കേജിലൂടെ ഇപ്പോൾ മലബാറിനെ വഞ്ചിച്ചിരിക്കുകയാണ്. ചെറുകിട വ്യവസായങ്ങൾക്കും സ്വർണ്ണവ്യാപാര മേഖലയ്ക്കും യാതൊരുവിധ ഇളവും ഈ ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ചിട്ടില്ല. അവർക്ക് അർഹമായ പരിഗണന നൽകണം. പുന്നപ്ര-വയലാർ സ്മാരകത്തിന് 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മാപ്പിളകലാ അക്കാദമിക്ക് ആവശ്യമായ തുക വകയിരുത്തണം. എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റലുകൾ നവീകരിക്കാനാവശ്യമായ പദ്ധതി വേണം. വിദേശത്തുനിന്നും തൊഴിൽ നഷ്ടപ്പെട്ടുവരുന്ന പ്രവാസികൾക്ക് ആശ്വാസം നൽകാനാവശ്യമായ നടപടി സ്വീകരിക്കണം. ജീവനക്കാരുടെ സർവ്വീസ് കാലാവധി നീട്ടിയതുവഴി അഭ്യസ്തവിദ്യരായ ചെറുപ്പക്കാരെ

വഞ്ചിച്ചിരിക്കുകയാണ്. ഇത് പുന:പരിശോധിക്കണം. മിനിമം ശമ്പളം, പി.എഫ്., ഇ.എസ്.ഐ., ഗ്രാറ്റുവിറ്റി, പ്രസവാവധി എന്നിവയൊന്നുമില്ലാത്ത അൺ-എയ്ഡഡ് മേഖലയെ പാടെ അവഗണിച്ചിരിക്കുകയാണ്. അലിഗഡ് ക്യാമ്പസിന് സ്ഥലം അക്വയർ ചെയ്യാനാവശ്യമായ തുക വകയിരുത്തണം. ജീവൻരക്ഷാമരുന്നുകളുടെ വില കുറയ്ക്കണം.

<u>ശ്രീ. പി. ജെ. ജോസഫ്</u> : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സാമ്പത്തികമാന്ദ്യം മുന്നിൽ കണ്ടുകൊണ്ട് അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്ന ബഡ്ജറ്റാണിത്. ഐ. ടി. മേഖല ഇന്ന് തകർച്ചയെ നേരിടുന്നു. ഉൽപ്പാദന മേഖലകളെ അവഗണിച്ച് സർവ്വീസ് മേഖലയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് മുന്നോട്ടുപോയാൽ നിലനിൽപ്പില്ല. മൂലധന നിക്ഷേപത്തിന് അടിയന്തിരപ്രാധാന്യം കൊടുക്കണം. കൃഷി, വ്യവസായ മേഖലകളെ അവഗണിച്ചുകൊണ്ട് ചില പ്രത്യേക മേഖലകൾ വികസിപ്പിക്കാൻ ശ്രമിച്ചാൽ അത് വിജയിക്കുകയില്ല. കൃഷിക്കും വ്യവസായത്തിനും അടിസ്ഥാനസൗകര്യ വികസനത്തിനും പ്രാധാന്യം കൊടുക്കാൻ ധനകാര്യ വകുപ്പുമന്ത്രി ഈ ബഡ്ജറ്റിലൂടെ ശ്രമിച്ചിട്ടുണ്ട്. നെൽക്കൃഷിയുടെ മുതൽമുടക്ക് 20 കോടി രൂപയിൽനിന്നും 56 കോടി രൂപയായി ഉയർത്തി. നെല്ലിന്റെ സംഭരണവില ക്വിന്റലിന് 1200 രൂപയായി വർദ്ധിപ്പിക്കണം. മൃഗസംരക്ഷണത്തിനുള്ള തുക വർദ്ധിപ്പിച്ചിട്ടുണ്ട്. പാലിന്റെ ഉൽപ്പാദനം കുറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ പാൽവില വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. റോഡുകൾ, പാലങ്ങൾ, കുടിവെള്ളം എന്നീ അടിസ്ഥാനസൗകര്യ വികസനത്തിന് പ്രാധാന്യം നൽകുകയും ആവശ്യമായ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുകയും വേണം. റോഡുകളുടെ ഒരു നെറ്റ്‌വർക്കുണ്ടാകണം. കെ. എസ്. ടി. പി. യുടെ രണ്ടാംഘട്ട പണി

കൾക്കും മലയോര റോഡുകൾക്കുമായി രാജ്യത്തിനകത്തും പുറത്തുമുള്ള ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ ലഭ്യമാക്കണം. സംസ്ഥാന ഗവൺമെന്റിന്റെ ബഡ്ജറ്റിൽമാത്രം ഒതുങ്ങിനിന്നുകൊണ്ട് ഇക്കാര്യങ്ങൾ നടത്താൻ കഴിയില്ല. നബാർഡിന്റെ സഹായത്തോടെയുള്ള പദ്ധതികൾക്ക് ക്ലിയർകട്ടായ സമീപനം ആവശ്യമാണ്. റോഡുകളുടേയും പാലങ്ങളുടേയും കാര്യത്തിൽ ഭൂമി ഏറ്റെടുക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിന് ഫാസ്റ്റ് ട്രാക്ക് നടപടിക്രമങ്ങൾ ലഘൂകരിക്കണം. പുതിയ നിരക്ക് എല്ലാ വർഷവും ഏപ്രിൽ ആദ്യം പ്രസിദ്ധീകരിക്കണം. ഒരു വർഷത്തിലേറെ നിർമ്മാണ കാലാവധിയുള്ള പ്രവൃത്തികൾക്ക് കോസ്റ്റ് എസ്കലേഷൻ ബാധകമാക്കണം. കമ്പിക്കും സിമന്റിനും മാർക്കറ്റ് വില കൊടുക്കാനുള്ള ഏർപ്പാടുണ്ടാകണം. പ്രോജക്ടുകൾ അനിശ്ചിതമായി നീണ്ടുപോകുന്ന അവസ്ഥ ഒഴിവാക്കണം. വകുപ്പുകൾ തമ്മിൽ കോ-ഓർഡിനേഷനുണ്ടാക്കി പ്രോജക്ടുകളുടെ ഇംപ്ലിമെന്റേഷന് റെഗുലർ മോണിറ്ററിംഗ് സംവിധാനമുണ്ടാക്കണം. കേരളത്തിന്റെ വികസനം ഡെവലപ്മെന്റൽ ഓറിയന്റഡായി മുന്നോട്ടുപോകണം. കേരളത്തിന്റെ സമ്പദ്ഘടനയെത്തന്നെ ബാധിക്കുന്ന റബ്ബറിന്റെ ഇറക്കുമതി നിയന്ത്രിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. രോഗബാധിതമായ തെങ്ങുകൾ വെട്ടിമാറ്റി റീപ്ലാന്റ് ചെയ്യുന്നതിന് 500 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നല്ല തെങ്ങിൻതൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തണം. പ്രൊഫഷണൽ ഏജൻസികളെ ഏൽപ്പിച്ച് നിശ്ചിതസമയത്തിനുള്ളിൽ പ്രോജക്ടുകൾ തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച് കുട്ടനാട്, ഇടുക്കി പാക്കേജുകൾ സമയബന്ധിതമായി നടപ്പിലാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. കെ. ടി. ജലീൽ</u> : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ആഗോള വൽക്കരണം സൃഷ്ടിച്ച സാമ്പത്തികമാന്ദ്യത്തിന്റെ കെടുതി ഇൻഡ്യയും ലോക രാഷ്ട്രങ്ങളും അനുഭവിക്കുന്ന സാഹചര്യത്തിലാണ് ധനകാര്യ വകുപ്പുമന്ത്രി ഈ ജനകീയ ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. സാമ്പത്തിക പ്രശ്നങ്ങളിൽനിന്നും ഈ സംസ്ഥാനത്തെ രക്ഷിക്കുക എന്ന ദീർഘവീക്ഷണ ത്തോടെയുള്ള കാഴ്ചപ്പാടിനാണ് മുൻതൂക്കം കൊടുത്തിരിക്കുന്നത്. റവന്യൂ വരുമാനം വർദ്ധിപ്പിച്ച് വിഭവസമാഹരണം കൂട്ടാനുള്ള ഫലപ്രദമായ ഇടപെട ലാണ് നടത്തിക്കൊണ്ടിരിക്കുന്നത്. 24963 കോടി രൂപയുണ്ടായിരുന്ന റവന്യൂ വരുമാനം 25063 കോടി രൂപയാക്കി വർദ്ധിപ്പിച്ചു. നികുതി വർദ്ധിപ്പിക്കാതെ പുതിയ നികുതിയേതര വരുമാനം കണ്ടെത്തി നേട്ടം കൈവരിക്കാമെന്നാണ് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിട്ടുള്ളത്. കേരളത്തിന്റെ ആഭ്യന്തര വരുമാന ത്തിന്റെ 40 ശതമാനത്തോളം സംഭാവന ചെയ്യുന്ന പ്രവാസികളുടെ പുനരധി വാസത്തിനും ക്ഷേമത്തിനുംവേണ്ടി പദ്ധതികൾ ആവിഷ്ക്കരിക്കാൻ കഴിഞ്ഞു. ഇവർക്കായി തയ്യാറാക്കിയിട്ടുള്ള ബൃഹത് പദ്ധതിക്ക് ഫലപ്രദ മായ മോണിറ്ററിംഗും സർക്കാരിന്റെ പ്രത്യേക ഇടപെടലും സൂപ്പർവിഷനു മുണ്ടാകണം. നാളികേര വികസനത്തിന് 500 കോടി രൂപ അനുവദിച്ചിട്ടുള്ളത് പൂർണ്ണമായും പ്രയോജനപ്പെടുത്താൻ കഴിയണം. സംസ്ഥാനത്തിന്റെ നികുതി വരുമാനം ചരിത്രത്തിലാദ്യമായി 10,000 കോടി രൂപയായി വർദ്ധിച്ചിരി ക്കുകയാണ്. നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരമുണ്ടാ കണം. 1400 അനാഥാലയങ്ങളിലെ കുട്ടികൾക്ക് ഗ്രാന്റ് ലഭ്യമാക്കാനാവശ്യ മായ തുക വകയിരുത്തുകയും ഈ ഗ്രാന്റ് 250 രൂപയാക്കി വർദ്ധിപ്പിക്കുകയും വേണം. ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണിക്കുള്ള തുക അനുവദി ക്കണം.

<u>ശ്രീമതി ജെ. അരുന്ധതി</u>: ബഡ്ജറ്റിനെ പിന്താങ്ങുന്നു. ആഗോള സാമ്പത്തിക പ്രതിസന്ധിയിലകപ്പെട്ടിരിക്കുന്ന സംസ്ഥാനത്തിന് ആശ്വാസം നൽകുന്ന ബഡ്ജറ്റാണിത്. മൂലധന ചെലവ് ഗണ്യമായി വെട്ടിക്കുറച്ച് സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്ക് നവോന്മേഷം നൽകിയിരിക്കുന്നു. സാധാരണക്കാരനെ ദോഷകരമായി ബാധിക്കാത്ത തരത്തിലുള്ള നികുതി നിർദ്ദേശങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വരുമാനം ഉയർത്താനും റവന്യൂ കമ്മി കുറച്ചുകൊണ്ടുവരാനുമാണ് ധനകാര്യ വകുപ്പുമന്ത്രി ശ്രമിച്ചിരിക്കുന്നത്. നികുതി വകുപ്പിനേയും ട്രഷറിയേയും കുറ്റമറ്റ രീതിയിൽ പ്രവർത്തിപ്പി ക്കാനും ട്രഷറി ബാൻ ഇല്ലാതാക്കാനും ഗവൺമെന്റിന് കഴിഞ്ഞു. ഒട്ടേറെ ജനക്ഷേമ പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ ഊന്നൽ നൽകിയിരിക്കുന്നു. എല്ലാ ക്ഷേമപെൻഷനുകളും 250 രൂപയാക്കി വർദ്ധിപ്പിക്കുകയും ബി.പി.എൽ. വിഭാഗത്തിലുള്ള റേഷൻ കാർഡുടമകൾക്ക് കിലോയ്ക്ക് രണ്ട് രൂപ നിരക്കിൽ അരി നൽകുകയും ചെയ്യുമെന്ന് പ്രഖ്യാപിക്കുകയും അതിന് തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ഒരു ക്ഷേമനിധിയിലും അംഗമല്ലാത്ത 65 വയസ്സ് കഴിഞ്ഞ ദരിദ്രർക്ക് 100 രൂപ പെൻഷൻ കൊടുക്കാൻ തീരുമാനിച്ച ആദ്യത്തെ ഗവൺമെന്റാണിത്. മൺപാത്ര നിർമ്മാണത്തൊഴിലാളി കൾക്കുകൂടി പെൻഷൻ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. കാർഷിക രംഗത്ത് നെൽക്കൃഷിക്കും നാളികേര വികസനത്തിനും ഊന്നൽ നൽകിയിട്ടുണ്ട്. നാളികേര വികസനത്തിനായി തിരുവനന്തപുരം, കൊല്ലം,. ആലപ്പുഴ ജില്ലകളെ സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു പ്രോജക്ടിന് രൂപം കൊടുക്കണം. നെൽവയൽ നികത്തുന്നതിനെതിരെയുള്ള നിയമം കൂടുതൽ കർക്കശമാക്കണം. ഭക്ഷ്യ രംഗത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ സ്വാഗതാർഹ

മാണ്. മാവേലി സ്റ്റോറുകൾ വഴി 14 രൂപയ്ക്ക് എ.പി.എൽ.കാർക്ക് അരി കൊടുക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് റേഷൻകടകൾ വഴിയും ലഭ്യമാക്കണം. എൻ.ആർ.എച്ച്.എം. ഫണ്ടുപയോഗിച്ച് ആരോഗ്യ കേന്ദ്രങ്ങൾ കാര്യക്ഷമമാക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിന് അനുയോജ്യമായ രീതിയിൽ കോൺട്രാക്ടർമാർക്ക് പണി ഏറ്റെടുത്ത് നടത്താൻ കഴിയുന്ന തരത്തിൽ പ്രധാനമന്ത്രിയുടെ ഗ്രാമീൺ സഡക് യോജനയിലെ വ്യവസ്ഥകളിൽ മാറ്റം വരുത്തണം. ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ധാരാളം തൊഴിലവസരങ്ങളുണ്ടായി. കെ.എസ്.ആർ.ടി.സി-യുടെ സ്ഥിതി കുറേക്കൂടി മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. 500 ബസ്സുകൾ പുതിയതായി വാങ്ങിക്കുമെന്ന് പറയുന്നത് ആയിരമായി വർദ്ധിപ്പിക്കണം. ഓരോ മണ്ഡലത്തിനും മരാമത്ത് പ്രവർത്തനങ്ങൾക്ക് രണ്ട് കോടി രൂപ വീതവും സമ്പൂർണ്ണ വൈദ്യുതി പദ്ധതി നടപ്പിലാക്കാനായി ഒരു കോടി രൂപ വീതവും നൽകാനുള്ള തീരുമാനവും ഇ.എം.എസ്. ഭവന പദ്ധതിക്കായി തുക നീക്കിവച്ചതും സ്വാഗതാർഹമാണ്. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിന് ഉദ്യോഗസ്ഥരെ നിയമിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കണം. സ്കൂളുകളിലെ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കാനുള്ള തീരുമാനവും എം.എൽ.എ. ഫണ്ടുകൂടി ഉപയോഗപ്പെടുത്തിക്കൊണ്ട് സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണം കൂടുതൽ മെച്ചപ്പെട്ട നിലയിലാക്കാനുള്ള തീരുമാനവും സ്വാഗതാർഹമാണ്. ആലന്തറ സാംസ്ക്കാരിക കേന്ദ്രത്തിന് ആവശ്യമായ പ്രോത്സാഹനം നൽകണം. ചട്ടമ്പിസ്വാമികളുടെ പേരിൽ ഒരു സാംസ്കാരിക കേന്ദ്രം തിരുവനന്തപുരത്തുതന്നെ ആരംഭിക്കാൻ തീരുമാനിച്ചത് അഭിനന്ദനാർഹമാണ്. എയ്ഡഡ് കോളേജുകളിൽ അനുവദിച്ച കോഴ്സുകൾ നടപ്പാക്കാനാവശ്യമായ അംഗീകാരവും ഫണ്ടും കൊടുക്കേ

ണ്ടതുണ്ട്. പൊതുമേഖല സ്ഥാപനങ്ങളെ പുനരുദ്ധരിച്ച് കൂടുതൽ അറ്റാദായ മുണ്ടാക്കുന്ന നിലയിലെത്തിച്ചിട്ടുണ്ട്. സ്ത്രീ സംരക്ഷണ നിയമങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാനാവശ്യമായ ഇടപെടലുണ്ടാകണം. തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം.

ശ്രീ. ജോസ് തെറ്റയിൽ: ബഡ്ജറ്റിനെ പിന്താങ്ങുന്നു. ആഗോള സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്ന സന്ദർഭത്തിലാണ് സംസ്ഥാന സർക്കാർ ഈ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. അവശത അനുഭവിക്കുന്ന വരുടെ ഉന്നമനം ലക്ഷ്യമാക്കി കിലോയ്ക്ക് രണ്ട് രൂപ നിരക്കിൽ അരി കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. പരമ്പരാഗത വ്യവസായങ്ങളുടെ പുനരു ദ്ധാരണത്തിന്റെ ഭാഗമായി അങ്കമാലി മണ്ഡലത്തിൽ ഈറ്റ, പനമ്പ് വ്യവസാ യത്തിന് 12 കോടിയോളം രൂപ അനുവദിക്കുകയുണ്ടായി. ക്ഷേമ പെൻഷനു കൾ വർദ്ധിപ്പിച്ചു. പ്രവാസികളുടെ പുരധിവാസത്തിന് ഇപ്പോൾ നീക്കിവച്ചി ട്ടുള്ള തുക അപര്യാപ്തമാണ്. മുൻകാലങ്ങളെ അപേക്ഷിച്ച് കൂടുതൽ നികുതി വരുമാനമുണ്ടാക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കുടിവെള്ള ത്തിനായി 1023 കോടി രൂപയും ചെറുകിട ഇറിഗേഷൻ പദ്ധതികൾക്കായി 12.5 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനമായ ടെൽക്കിനെ പുനരുദ്ധരിക്കാൻ കഴിഞ്ഞിട്ടുണ്ട്. സമസ്ത മേഖലകളിലുള്ള വരേയും സംരക്ഷിക്കുന്ന തരത്തിലുള്ള ബഡ്ജറ്റാണിത്.

ശ്രീ. സി.എഫ്. തോമസ് : ബഡ്ജറ്റിനെ എതിർക്കുന്നു. പാവപ്പെ ട്ടവർക്ക് മൂന്നു രൂപയ്ക്ക് അരി നൽകാനും സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാനും ആദ്യമായി തീരുമാനമെടുത്തത് യു.ഡി.എഫ്. ഗവൺമെന്റാണ്. എന്നാൽ കഴിഞ്ഞ 33 മാസക്കാലമായിട്ടും ഈ പദ്ധതി

നടപ്പിലാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള റേഷൻകാർഡുടമകൾക്ക് കിലോയ്ക്ക് രണ്ടുരൂപയ്ക്ക് അരി കൊടുക്കുമെന്ന് പറഞ്ഞതിനെ എതിർക്കുന്നില്ല. കൃഷിയേയും വ്യാവസായിക മേഖലയേയും അവഗണിച്ചതിന്റെ ഫലമായി കേരളം പിന്നോട്ടു പോകുകയാണ്. നാളികേര കൃഷിക്കായി 500 കോടി രൂപ മാറ്റിവച്ചു എന്ന് പറയുന്നതിൽ 490 കോടി രൂപയും കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിക്കുന്നതാണ്. ദീർഘവീക്ഷണത്തോടെ കേരളത്തെ രക്ഷിക്കാനുള്ള പദ്ധതികൾ ഇനിയും ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. സിവിൽ സപ്ളൈസ് വകുപ്പിന് കൂടുതൽ തുക അനുവദിക്കണം. സിവിൽ സപ്ലൈസ് കോർപ്പറേഷന് ആവശ്യമായ സബ്സിഡി കൊടുത്ത് വിലക്കയറ്റം നിയന്ത്രിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. വി. ചെന്താമരാക്ഷൻ : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരളത്തിന്റെ സർവ്വതോൻമുഖമായ വളർച്ച പരിഗണിച്ചുകൊണ്ട് അതിനാവശ്യമായ നിർദ്ദേശങ്ങളടങ്ങിയ ഈ ബഡ്ജറ്റിനെപ്പറ്റി ഒരു വിമർശന മുന്നയിക്കാൻ പോലും പ്രതിപക്ഷത്തിന് കഴിയുന്നില്ല. കാർഷിക മേഖലയിൽ ലോകത്തിനുതന്നെ മാതൃകാപരമായ നിലപാടാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. വിളനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം കൊടുത്തു; നെല്ലിന്റെ താങ്ങുവില കിലോയ്ക്ക് 11 രൂപയായി വർദ്ധിപ്പിച്ചു; വിവിധ ക്ഷേമ പെൻഷനുകൾ 250 രൂപയായി വർദ്ധിപ്പിച്ചു; പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ സംരക്ഷിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചു; വിദ്യാഭ്യാസം, ആരോഗ്യം ഐ.റ്റി. തുടങ്ങിയ മേഖലകളിൽ പുത്തനുണർവ് ഉണ്ടാക്കാൻ സാധിച്ചു. അഴിമതിരഹിത വാളയാർ എന്ന പ്രഖ്യാപനത്തിലൂടെ അഴിമതിക്കെതിരെ മാതൃകാപരമായ നിലപാട്

സ്വീകരിച്ചു. വികസനപ്രവർത്തനങ്ങൾക്കാവശ്യമായ തുക വകയിരുത്താനും ക്ഷേമപെൻഷനുകൾ കുടിശികയില്ലാതെ കൊടുത്തുതീർക്കാനും കഴിഞ്ഞു. മാന്ദ്യവിരുദ്ധ പാക്കേജ് പ്രഖ്യാപിച്ചു. ചെലവ് കൂടിയിട്ടും ധനക്കമ്മി കുറയ്ക്കാൻ സാധിച്ചു. 2010-2011 ആകുമ്പോൾ റവന്യൂ കമ്മി പൂജ്യത്തിൽ എത്തിക്കുമെന്ന ധനകാര്യമന്ത്രിയുടെ പ്രഖ്യാപനം സ്വാഗതാർഹമാണ്. വായ്പ പലിശ നിരക്ക് കുറയ്ക്കാനും ആഭ്യന്തര വരുമാനത്തിൽ വളർച്ചയു ണ്ടാക്കാനും സാധിച്ചു. ജീവനക്കാരുടെ റിട്ടയർമെന്റ് തീയതി ഏകോപിപ്പി ച്ചുകൊണ്ടുള്ള തീരുമാനത്തിൽ എന്തെങ്കിലും അപാകതയുണ്ടോ എന്ന് പരിശോധിക്കണം.

പ്രതിപക്ഷ നേതാവ് <u>(ശ്രീ. ഉമ്മൻ ചാണ്ടി)</u> : ബഡ്ജറ്റിനെ എതിർക്കുന്നു. ബഡ്ജറ്റിൽ പല നല്ലകാര്യങ്ങളും പറഞ്ഞിട്ടുണ്ടെങ്കിലും അതൊന്നും നടപ്പിലാക്കാനാവശ്യമായ തുക വകയിരുത്തിയതായി കാണുന്നില്ല. സാമ്പത്തിക മാന്ദ്യം നേരിടുന്നതിനായി 10,000 കോടി രൂപ നീക്കിവച്ചിട്ടുണ്ടെന്ന് പറയുന്നുണ്ടെങ്കിലും അതൊന്നും നടപ്പിലാക്കാനുള്ള ആത്മാർത്ഥത ഗവൺമെന്റിനില്ല. കുടിവെള്ളം, ജലസേചനം, മരാമത്ത് പദ്ധതികളുടെ ആവശ്യങ്ങൾക്കായി 5,000 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനായി 1870 കോടി രൂപ മാത്രമാണ് നീക്കിവച്ചിട്ടുള്ളത്. ബാക്കി തുക എവിടെനിന്ന് കണ്ടെത്തുമെന്ന് ധനകാര്യ വകുപ്പുമന്ത്രി വിശദീകരിക്കണം. പദ്ധതിക്ക് നീക്കിവച്ചിട്ടുള്ള തുകപോലും ചെലവഴിക്കുന്നില്ല. പശ്ചാത്തല സൗകര്യ വികസനം, പൊതുമേഖല, ഐ.റ്റി, കെ.എഫ്.സി., ഹൗസിംഗ് ബോർഡ് എന്നിവയ്ക്കായി മാറ്റിവച്ച തുക കഴിഞ്ഞ വർഷത്തേതിനേക്കാൾ കുറവാണ്. 2,000 കോടി രൂപ ഇ.എം.എസ്. പാർപ്പിട പദ്ധതിക്കുവേണ്ടി മാറ്റി വച്ചിട്ടുണ്ടെങ്കിലും മൂന്നുവർഷമായിട്ടും ഒരു വീടുപോലും പൂർത്തിയാക്കി

യിട്ടില്ല. അസ്സോസിയേറ്റഡ് ചേമ്പർ ഓഫ് കോമേഴ്സ് നടത്തിയ സ്റ്റഡി റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നത് ഇന്ത്യയിലൊട്ടാകെ 10,50,950 കോടി രൂപയുടെ നിക്ഷേപത്തിനുള്ള പ്രൊപ്പോസൽ വന്നപ്പോൾ കേരളത്തിലേയ്ക്ക് വന്നത് വെറും 43 കോടി രൂപയുടേതാണ് എന്നാണ്. 2007-08 വർഷത്തിൽ നടത്തിയ സ്റ്റഡി റിപ്പോർട്ട് അനുസരിച്ച് ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള മാസത്തിൽ കേരളത്തിന്റെ റാങ്കിംഗ് പതിനെട്ടും 2008-09 വർഷ ത്തിൽ ഇതേ കാലയളിൽ ഇരുപതുമാണ്. ഇത്തരത്തിൽ മോശമായ ഒരു ഇൻവെസ്റ്റ്മെന്റ് ക്ലൈമറ്റ് നിലനിൽക്കുമ്പോഴാണ് 30000 കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്ത് കൊണ്ടുവരുമെന്ന് സർക്കാർ അവകാശപ്പെടുന്നത്. സാമ്പത്തിക മാന്ദ്യം രൂക്ഷമായിരിക്കുന്ന ഇന്നത്തെ അവസ്ഥയിലും സംസ്ഥാ നത്ത് വിവിധ പദ്ധതികളിലൂടെ അനുവദിച്ച കേന്ദ്ര നിക്ഷേപത്തെക്കുറിച്ച് ബഡ്ജറ്റിൽ ഒരു വാക്കുപോലും പരാമർശിച്ചിട്ടില്ല. ഇന്നത്തെ കേന്ദ്ര ക്യാബിനറ്റ് യോഗത്തിൽ കേരളത്തിന്റെ 7,538 കോടി രൂപയുടെ നാഷണൽ ഹൈവേ പ്രോജക്ടിന് അംഗീകാരം നൽകിയിരിക്കുകയാണ്. സംസ്ഥാന ഗവൺമെന്റ് അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റ് ഒരു ഇലക്ഷൻ ഓറിയന്റഡ് ബഡ്ജറ്റാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. വികസന പ്രവർത്തന ങ്ങൾക്കായി പണം കടം വാങ്ങരുതെന്ന അഭിപ്രായം പ്രതിപക്ഷത്തിനില്ല; എന്നാൽ കടം എടുക്കുന്ന പണമെങ്കിലും ധൂർത്തടിച്ചുകളയാതെ പ്ലാനിൽ ചെലവഴിക്കണം; അതോടൊപ്പം കഴിയുന്നത്ര പലിശ കുറച്ച് കടം എടുക്കാൻ ശ്രദ്ധിക്കണം. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 45,878 കോടി രൂപയായിരുന്ന സംസ്ഥാനത്തിന്റെ കടബാധ്യത ഇപ്പോൾ 62,034 കോടി രൂപ യായി വർദ്ധിച്ചിരിക്കുന്നു. കാർഷിക കടാശ്വാസ കമ്മീഷന്റെ പ്രവർത്തന ത്തിന് ഈ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത് 25 കോടി രൂപ മാത്രമാണ്.

കമ്മീഷൻ രൂപീകരിച്ചപ്പോൾ 129.5 കോടി രൂപ വകയിരുത്തിയിരുന്നു വെങ്കിലും ഒരു നയാപൈസപോലും ചെലവാക്കിയില്ല. മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷനുവേണ്ടി 10 കോടി രൂപയാണ് വകയിരുത്തിയിരി ക്കുന്നത്. വിദേശത്തുനിന്നും തൊഴിൽ നഷ്ടപ്പെട്ട് വരുന്നവരുടെ പുനരധി വാസത്തിനായി വെറും 10 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. അവർക്ക് കെ.എഫ്.സി.യിൽനിന്നും ലോൺ എടുക്കാനുള്ള പദ്ധതി ഏർപ്പെ ടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത സ്ഥാപനത്തിന്റെ പലിശ നിശ്ചയിക്കുന്നത് സംസ്ഥാന ഗവൺമെന്റല്ല എന്നതിനാൽ പ്രവാസികൾ ഏറ്റവുംകൂടുതൽ കബളിപ്പിക്കപ്പെടാൻ പോവുകയാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കിലോയ്ക്ക് രണ്ട് രൂപയ്ക്ക് അരി വിതരണം ചെയ്യുമെന്ന് അവകാശപ്പെടു ന്നുണ്ടെങ്കിലും കഴിഞ്ഞ ഗവൺമെന്റ് മൂന്ന് രൂപയ്ക്ക് അരിയും ഗോതമ്പും വിതരണം ചെയ്തുവന്നിരുന്ന പദ്ധതി വിജയകരമായി മുന്നോട്ടുകൊണ്ടു പോകാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. അരി രണ്ട് രൂപയ്ക്ക് കൊടുക്കു മ്പോൾ ഗോതമ്പ് എത്ര രൂപയ്ക്ക് കൊടുക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്ത മാക്കണം. അന്ത്യോദയ അന്നയോജന പദ്ധതിയിലുൾപ്പെടുന്ന 5.9 ലക്ഷത്തിൽപ്പരം ആളുകളെ ഈ പദ്ധതിയിൽപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കണം. ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് ഗവൺമെന്റ് ആശുപത്രികളിൽ മാത്ര മാണ് ചികിത്സ തേടാനുള്ള സൗകര്യമൊരുക്കിയിരിക്കുന്നത്. ഗവൺമെന്റ് ആശുപത്രിയിൽ ചികിത്സ നൽകിയതിനുശേഷം പ്രീമിയം ഗവൺമെന്റ് ആശുപത്രി എഴുതിയെടുക്കുകയാണ് ചെയ്യുന്നത്. യു.ഡി.എഫ്. ഗവൺമെന്റ് വിഭാവനം ചെയ്ത പദ്ധതിയിൽ സ്വകാര്യ ആശുപത്രിയെന്നോ ഗവൺമെന്റ് ആശുപത്രിയെന്നോ വ്യത്യാസമില്ലാതെ ചികിത്സ തെരഞ്ഞെടുക്കാനുള്ള

സ്വാതന്ത്ര്യമുണ്ടായിരുന്നു. വരുമാനത്തിൽ പതിനായിരം കോടിരൂപയുടെ വർദ്ധനവുണ്ടായിയെന്ന് സർക്കാർ അവകാശപ്പെടുന്നുണ്ടെങ്കിലും അവശ്യസാധനങ്ങളുടെ വില വർദ്ധനവ് മൂലമാണ് വരുമാനം വർദ്ധിച്ചതെന്ന കാര്യം ശ്രദ്ധിക്കപ്പെടേണ്ടതാണ്. വിലക്കുറവ് ഉണ്ടായിട്ടുപോലും സംസ്ഥാന ഗവൺമെന്റ് പെട്രോളിന്റേയും ഡീസലിന്റേയും നികുതി ഉയർത്തിയ നടപടി ജനദ്രോഹപരമാണ്. വർദ്ധിപ്പിച്ച ടാക്സ് പിൻവലിക്കാനുള്ള പ്രഖ്യാപന മുണ്ടാകണം. വ്യക്തമായ പഠനം നടത്താതെയാണ് ഡാമുകളിൽ നിന്നും മണൽ വാരുന്ന ഇനത്തിൽ 300 കോടി രൂപ നികുതിയേതര വരുമാനമായി ലഭിക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുന്നത്. വയൽ നികത്തുന്നതിനെതിരെ നിയമം കൊണ്ടുവന്ന ഈ സർക്കാർ വയൽ നികത്തുന്നവരെ സഹായിക്കുന്ന നിലപാടാണ് ബഡ്ജറ്റിൽ സ്വീകരിച്ചിട്ടുള്ളത്. മൂന്നാറിൽ പിടിച്ചെടുത്ത ഭൂമിയെ സംബന്ധിച്ച് വ്യക്തമായ ഉത്തരം നൽകാതെ സർക്കാർ ഒഴിഞ്ഞുമാറി. ചെങ്ങറ ഭൂസമരം സംബന്ധിച്ച് സ്ഥലം കയ്യേറിയവർക്ക് നിയമസംരക്ഷണം നൽകാനുള്ള നടപടികളാണ് സ്വീകരിച്ചത്. കെ.എം.എം.എൽ സംബന്ധിച്ച് റഷ്യൻ കമ്പനിയുമായി നടത്തിയ ഇടപാടിനെക്കുറിച്ച് ഭരണപക്ഷാംഗങ്ങൾ ഉന്നയിക്കുന്നതുപോലുള്ള ആരോപണങ്ങൾ സി.ആന്റ് എ.ജി. റിപ്പോർട്ടിൽ ഒരിടത്തും പരാമർശിച്ചിട്ടില്ല. ഇതിനെ സംബന്ധിച്ച ആരോപണം ഉന്നയിച്ചുകൊണ്ട് സഭയുടെ മേശപ്പുറത്തുവച്ച രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ലാവ്‌ലിനുമായി ബന്ധപ്പെട്ട കരാർ നടപടികളെക്കുറിച്ച് കേരളത്തിലെ ജനങ്ങൾക്ക് അറിയാൻ അവകാശമുണ്ട്. സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന തരത്തി ലുള്ള മെമ്മോറാണ്ടമാണ് കെ.പി.സി.സി. 13-ാം ധനകാര്യ കമ്മീഷന് കൈമാ റിയത്. ഫിനാൻസ് കമ്മീഷൻ ഓരോ പ്രാവശ്യവും സംസ്ഥാനത്തിന്

നൽകുന്ന അലോക്കേഷൻ കുറഞ്ഞുവരികയാണ്. ലാ ആന്റ് ഓർഡർ സംവിധാനം, കാര്യക്ഷമമായ അഡ്മിനിസ്ട്രേഷൻ നടത്തുന്നതിന് വേണ്ടി വരുന്ന എക്സ്പെൻസ് തുടങ്ങിയ കാര്യങ്ങൾ കണക്കിലെടുത്താണ് കെ.പി.സി..സി. ധനകാര്യ കമ്മീഷനു മുന്നിൽ പാക്കേജ് അവതരിപ്പിച്ചത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): സംസ്ഥാന ഗവൺമെന്റ് കഴിഞ്ഞ ഒരു വർഷമായി നടത്തിവന്ന പ്രവർത്തനത്തിന്റേയും പരിശോധനയുടേയും അടിസ്ഥാനത്തിൽ ജലസേചന വകുപ്പിന്റെ പരിധിയിൽ വരുന്ന ഡാമുകളിലുള്ള മണ്ണ് നീക്കം ചെയ്യുന്നതിനെ സംബന്ധിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി. ഇക്കാര്യത്തിൽ വനം പരിസ്ഥിതി വകുപ്പിന്റെ അനുമതി ലഭിക്കുന്നതിലുള്ള സാങ്കേതിക തടസ്സമാണുള്ളത്. 2004-ൽ തെന്മല ഡാമിൽ ഇതു സംബന്ധിച്ച പര്യവേഷണവും പരിശോധനയും ആരംഭിച്ചെങ്കിലും വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിന്റെ അടിസ്ഥാനത്തിലാണ് de-silting process പൂർത്തീകരിക്കാൻ കഴിയാതെ പോയത്. മലമ്പുഴ റിസർവോയർ പൂർണ്ണ മായും വനംവകുപ്പിന്റെ പരിധിയിൽ വരാത്തതിനാൽ അത് pilot project ആയി എടുത്ത് നടപ്പാക്കാനാണ് ആഗ്രഹിക്കുന്നത്. ഇതിലേയ്ക്കായി നിയോഗിച്ച എക്സ്പെർട്ട് കമ്മിറ്റി പഠനം ആരംഭിച്ചിട്ടുണ്ട്. മലമ്പുഴ ഡാമിൽ ഏതാണ്ട് **680** കോടി രൂപയുടെ മണൽ ശേഖരവും സിൽറ്റും ഉണ്ടെന്നും തെന്മല ഡാമിൽ അതിനേക്കാൾ കൂടുതൽ മണൽശേഖരം ഉണ്ടെന്നുമാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന് സഹായകരമാകുന്ന നിലയിൽ പ്രധാനപ്പെട്ട പ്രോജക്ടായി നടപ്പാക്കണമെന്ന ഉദ്ദേശത്തോടെ ഭരണപരമായ നടപടികൾ അന്തിമഘട്ടത്തിലെത്തിയിരിക്കുക

യാണ്. രണ്ടാഴ്ചയ്ക്കുള്ളിൽത്തന്നെ ഇതിന്റെ പ്രാരംഭ നടപടികൾ തുടങ്ങുന്നതാണ്. മലമ്പുഴ റിസർവോയറിന്റെ കണ്ടെന്റിനെ സംബന്ധിച്ച കൃത്യമായ റിപ്പോർട്ട് ഗവൺമെന്റിന് നൽകിയിട്ടുണ്ട്. Expression of interest വിളിക്കാൻ സംസ്ഥാന ഗവൺമെന്റ് ഫൈനൽ അപ്രൂവൽ നൽകിയിട്ടുണ്ട്. ഡീ-സിൽറ്റിംഗ് പ്രോസസ്സ് നടക്കുമ്പോഴുണ്ടാകുന്ന കലക്കൽമൂലം വാട്ടർ സപ്ലൈ രംഗത്തും ഇറിഗേഷൻ രംഗത്തുമുണ്ടാകുന്ന പ്രശ്നങ്ങൾ എങ്ങനെ ഓവർകം ചെയ്യാമെന്നത് സംബന്ധിച്ച് തീരുമാനങ്ങൾ ലഭ്യമാക്കുന്നതിനും ആ ഇംപാക്ടിനെ സംബന്ധിച്ച് അസ്സെസ് ചെയ്ത് റിപ്പോർട്ട് ചെയ്യുന്നതിനും വേണ്ടി കേരളത്തിലെ പ്രധാനപ്പെട്ട സയിന്റിഫിക് ഓർഗനൈസേഷനുകളുടെ പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു സമിതിയെയാണ് നിയോഗിച്ചിട്ടുള്ളത്. മണൽ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ട്രാൻസ്പോർട്ടേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ ഇതിന്റെ പരിധിയിൽ വരും അവരുമായി രണ്ടുവട്ടം ചർച്ച നടത്തി. ആതെന്റിക്കായ ഒരു സയന്റിഫിക് റിപ്പോർട്ട് തന്നെ ഗവൺമെന്റിന് ഇക്കാര്യത്തിൽ ആവശ്യമാണ്. ഇക്കാര്യം സംബന്ധിച്ച് ലോകത്തെവിടെയെങ്കിലും പഠനം നടത്തിയിട്ടുണ്ടെങ്കിൽ അത് പരിശോധിച്ച് already feasible ആണെന്ന തീരുമാനത്തിലും ഡീറ്റെയിൽഡ് പ്രോജക്ട് ഉണ്ടാകണമെന്നതിന്റെ അടിസ്ഥാനത്തിലുമാണ് ഇക്കാര്യത്തിൽ കാലതാമസം നേരിട്ടത്.

ധനകാര്യവകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : ബഡ്ജറ്റ് എന്നാൽ കേവലം വരവ് ചെലവ് കണക്ക് മാത്രമല്ല സാമ്പത്തിക സ്ഥിതിഗതികൾ സ്വാധീനിക്കുന്നതിനുള്ള നയപരമായിട്ടുള്ള ഉപാധി കൂടിയാണ്. കേവലം സെക്ടറലായിട്ടുള്ള ഇടപെടലല്ല, സ്ഥൂല സാമ്പത്തിക സൂചികകളെ

സ്വാധീനിക്കുന്ന ഉപകരണമാണ് ബഡ്ജറ്റ്. സംസ്ഥാനങ്ങളുടെ തുറന്ന സമ്പദ്ഘടന കേവലം റിസോഴ്സ് അലോക്കേഷനിൽ നിന്ന് സ്റ്റെബിലൈസേഷൻ ഫങ്ഷനിലേയ്ക്ക് നീങ്ങണമെങ്കിൽ കേന്ദ്ര സർക്കാരിന്റെ ഏകോപനം ആവശ്യമാണ്. പുതിയ നിർമ്മാണ പ്രവൃത്തികൾ നടപ്പാകുന്നത് ഇഫക്ടീവ്നെസ്സ് ഓഫ് ഇന്റർവെൻഷൻ എത്രമാത്രം ഉണ്ടാക്കാൻ കഴിയുമെന്നതിനെ ആശ്രയിച്ചായിരിക്കും. എന്നാൽ അത്തരത്തിൽ ഒരു ഏകോപനം ഇല്ല. കേന്ദ്ര സർക്കാരിന്റ നയങ്ങൾ സംസ്ഥാനങ്ങളെ എവിടെ കൊണ്ടെത്തിക്കും എന്ന് കാണേണ്ടിയിരിക്കുന്നു. ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളുടെയും ധനകമ്മി വെട്ടിക്കുറക്കുകയാണ്. കേന്ദ്രസർക്കാർ വായ്പയെടുത്ത് ധനകമ്മി ഉണ്ടാക്കുമ്പോൾ സംസ്ഥാനങ്ങളെ മൂന്ന് ശതമാനത്തിൽ താഴെമാത്രം വായ്പയെടുക്കാൻ അനുവദിക്കുന്നത് യുക്തിക്ക് നിരക്കുന്നതല്ല. ഇൻഡ്യയിൽ കഴിഞ്ഞവർഷം കേരളവും ബംഗാളും ഒഴികെ മറ്റെല്ലാ സംസ്ഥാനങ്ങളും റവന്യൂ മിച്ച സംസ്ഥാനങ്ങളായിരുന്നു. എന്നാൽ ശമ്പള പരിഷ്കരണം വന്നതോടുകൂടി അവയെല്ലാം റവന്യൂകമ്മി സംസ്ഥാനങ്ങളായി മാറി. അതേസമയം അവർ ധനകമ്മി വെട്ടിച്ചുരുക്കിക്കൊണ്ടിരിക്കുന്നു. റവന്യൂകമ്മി കൂടുന്ന സംസ്ഥാനങ്ങൾ റവന്യൂ ചെലവുകൾക്കായി വായ്പയെടുക്കാൻ നിർബന്ധിതരാകുന്ന സാഹചര്യമാണുണ്ടാകുന്നത്. ഇന്ന് കേന്ദ്രസർക്കാരിന്റെ ധനകമ്മി 9 ശതമാനമാണ്. ഗാഡ്ഗിൽ ഫോർമുല അനുസരിച്ച് കേന്ദ്ര ഗവൺമെന്റ് സംസ്ഥാനങ്ങൾക്ക് വായ്പയായി തരാറുള്ള പണം ബഡ്ജറ്റിൽ നിന്നും മാറ്റി നേരിട്ട് ബാങ്കിൽ നിന്ന് വാങ്ങണം എന്ന് നിർദ്ദേശിച്ചിരിക്കുകയാണ്. അന്തർ സംസ്ഥാന ലോൺ സമിതി ഉണ്ടാക്കുക

എന്നത് പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശമാണ്. ഓരോ വർഷത്തേയും വായ്പാ നയം കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ ചർച്ച ചെയ്ത് പൊതു ധാരണയുടെ അടിസ്ഥാനത്തിൽ തീരുമാനിക്കേണ്ടതാണ്. അതല്ലാതെ കേന്ദ്രഗവൺമെന്റ് ഏകപക്ഷീയമായി തീരുമാനിക്കുകയല്ല ചെയ്യേണ്ടത്. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് വീണ്ടും നികുതിയിളവ് പ്രഖ്യാപിച്ചതിലൂടെ 200 കോടി രൂപയാണ് സംസ്ഥാനത്തിന് നഷ്ടം വന്നിട്ടുള്ളത്. എന്നാൽ ഈ നഷ്ടം നികത്താനും മാന്ദ്യകാലത്ത് കൂടുതൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി അരശതമാനം വായ്പയെടുക്കാൻപോലും കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്നില്ല. ഇതിനെ തിരെ ഭരണ-പ്രതിപക്ഷ കക്ഷി വ്യത്യാസമില്ലാതെ ഒന്നിച്ചു നിൽക്കേണ്ടതാണ്. ഫിനാൻസ് കമ്മീഷൻ നികുതി വരുമാനത്തിന്റെ വിഹിതം വയ്ക്കുന്നത് ഒരു സംസ്ഥാനത്തെ ജനസംഖ്യ, പിന്നോക്കാവസ്ഥ എന്നീ ഘടകങ്ങളെ ആശ്രയിച്ചാണ്. 80 ശതമാനം വരെ ജനസംഖ്യയ്ക്ക് വെയിറ്റേജ് കൊടുത്തിരുന്ന സ്ഥാനത്ത് പിന്നോക്കാവസ്ഥയ്ക്ക് വെയിറ്റേജ് കൊടുക്കുന്നത് കേരളത്തിനെ പ്രതികൂലമായി ബാധിക്കാൻ പോകുകയാണ്. പാർലമെന്റ് പാസാക്കിയ നിയമപ്രകാരം ജനസംഖ്യയുടെ കാര്യത്തിൽ ഫിനാൻസ് കമ്മീഷൻ 1971-ലെ കാനേഷുമാരി കണക്കാണ് സ്വീകരിക്കേണ്ടത്. കഴിഞ്ഞതവണ സംസ്ഥാനം കൊടുത്ത മെമ്മോറാണ്ടത്തിൽ 90 ശതമാനം വെയിറ്റേജ് പോപ്പുലേഷന് വേണമെന്ന് ആവശ്യപ്പെട്ടിരുന്നത് ഫിനാൻസ് കമ്മീഷൻ 25 ആക്കി. ഇപ്പോൾ കെ.പി.സി.സി. കൊടുത്ത മെമ്മോറാണ്ടത്തിൽ 20 ശതമാനം മതിയെന്നാണ് പറഞ്ഞിരിക്കുന്നത്. മൊത്തം ചെലവിൽ വരുന്നത് അഡ്മിനിസ്ട്രേറ്റീവ് എക്സ്പെന്റിച്ചർ, ലാ ആന്റ് ഓർഡർ, ഡെവലപ്മെന്റ് എക്സ്പെന്റിച്ചർ, പെൻഷൻ, ഇന്ററസ്റ്റ്

എന്നീ ഘടകങ്ങളാണ്. കേരള സർക്കാർ സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ഇവ പ്രതിപാദിക്കുന്നുണ്ട്. ഒന്നാം ധനകാര്യ കമ്മീഷൻ ചെയ്തതുപോലെ മുഴുവനും പോപ്പുലേഷന്റെ അടിസ്ഥാനത്തിലാണ് കണക്കാക്കുന്നതെങ്കിൽ 3.9 ശതമാനം വിഹിതം കേരളത്തിന് കിട്ടുമായിരുന്നു. ധനകാര്യ കമ്മിഷ നുകൾ കേരളത്തെ കമ്മി സംസ്ഥാനമായി പരഗണിച്ചിട്ടില്ലാത്തതിനാലാണ് കേരളത്തിന് നഷ്ടം സംഭവിച്ചുകൊണ്ടിരുന്നത്. മറ്റ് സംസ്ഥാനങ്ങളെ ബാധിക്കാത്തതും കേന്ദ്രം അനുവദിക്കാത്തതുമായ കാര്യങ്ങൾക്കാണ് സ്പെഷ്യൽ ടേംസ് അനുസരിച്ച് ധനകാര്യ കമ്മിഷൻ ധനസഹായം നൽകുന്നത്. കഴിഞ്ഞ ബഡ്ജറ്റിൽ രൂപം നൽകുമെന്നു പറഞ്ഞ ഉത്തര കേരള പാക്കേജാണ് ഇപ്പോൾ പ്രഖ്യാപിച്ച് നടപ്പിലാക്കുന്നത്. അതിന്റെ ഭാഗമായി കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്നു. കോഴിക്കോട് സിറ്റി പ്ലാനിനു വേണ്ടി കോർപ്പറേഷന് 20 കോടി രൂപ കൊടുത്തു. അടുത്ത വർഷത്തേയ്ക്കുള്ള പദ്ധതികൾക്ക് തുക വകയിരുത്തു ന്നതോടൊപ്പം ദീർഘവീക്ഷണത്തോടുകൂടിയ ബഡ്ജറ്റാണ് അവതരിപ്പിച്ചത്. സർക്കാർ ജീവനക്കാരുടെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുന്നതിനെ സംബന്ധിച്ച് പി.എസ്.സി.ക്ക് എഴുതിയിട്ടുണ്ട്. പി.എസ്.സി.യുടെ മറുപടി ലഭിച്ചശേഷം ഈ വിഷയത്തിൽ ഉചിതമായ തീരുമാനം കൈകൊള്ളുന്ന താണ്. ഇ.എം.എസ്. പാർപ്പിട പദ്ധതിക്കുള്ള തുക ബഡ്ജറ്റിൽ വകയിരുത്തി യിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം കൊടകരയിൽ 1000 വീടുകൾ പൂർത്തി യാക്കി വിതരണം ചെയ്തു. ഇത് എല്ലാ മണ്ഡലങ്ങളിലും പ്രായോഗികമാ ണെന്നു കരുതുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സഹായം ലഭ്യമാ ക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. 50000 കുടുംബങ്ങൾക്ക്

പണയാധാരങ്ങൾ തിരിച്ചു ലഭിക്കത്തക്ക നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതിക്കായി സുനാമി ബാധിത പ്രദേശങ്ങളിൽ പ്രസ്തുത സ്കീമിൽനിന്ന് തുക കണ്ടെത്തും. അതിനുപുറത്തുള്ള സ്ഥലങ്ങളിലേയ്ക്കുവേണ്ടിയാണ് 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. രണ്ടുവർഷംപോലും ജോലി ചെയ്യാൻ കഴിയാതെ തിരിച്ചുവരുന്ന ഗൾഫ് മലയാളികൾക്ക് ക്ഷേമനിധി വഴി ധനസഹായം നൽകും; കുട്ടികളുടെ സ്കൂൾ അഡ്മിഷനുവേണ്ടി പ്രത്യേകം സഹായം നൽകും. സ്വയംതൊഴിൽ ചെയ്യാൻ താല്പര്യമുള്ളവർക്ക് കെ.എഫ്.സി വഴി ഇന്ററസ്റ്റ് സബ്വെൻഷനോടുകൂടി വായ്പ ലഭ്യമാക്കും. ഇതിനുവേണ്ടി കെ.എഫ്.സി-ക്ക് മതിയായ തുക വകയിരുത്തിയിട്ടുണ്ട്. നാഷണൽ ഹൈവേ, സ്റ്റേറ്റ് ഹൈവേ, വൻകിട ജലസേചന പദ്ധതികൾ എന്നിവ ഒഴികെ ഓരോ മണ്ഡലത്തിലും എല്ലായ്പോഴും 15 കോടി രൂപയുടെ ഓൺഗോയിംഗ് സ്കീം ഉണ്ടാകും. വിഷൻ 2010-ന്റെ രണ്ടാംഘട്ടത്തിന് 200 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നോൺ ടാക്സ് റവന്യൂ വരുമാനം കണക്കിലെടുത്തുകൊണ്ട് ബഡ്ജറ്റിൽ പ്രതിപാദിച്ചിട്ടില്ലാത്ത ആവശ്യങ്ങളെ സംബന്ധിച്ച് വർഷാവസാനം തീരുമാനിക്കാം. അലീഗഡ് സർവകലാശാലയ്ക്കുവേണ്ടിയുള്ള സ്ഥലമെടുക്കുന്നതിന് പണം നീക്കിവച്ചു. 10 ഐ.ടി.ഐ. കൾക്ക് സ്ഥലം കൊടുക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ബഡ്ജറ്റിൽ പ്രഖ്യാപിച്ചതുകൂടാതെ തുണേയിലും ഐ.ടി.ഐ ആരംഭിക്കുന്നതാണ്. അംഗൻവാടി ജീവനക്കാർക്കുള്ള പെൻഷൻ ഈ സാമ്പത്തിക വർഷംതന്നെ പ്രഖ്യാപിക്കും. സാമൂഹ്യക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് ഭക്ഷണത്തിനും മരുന്നിനും മറ്റുമായി നൽകുന്ന തുക ഗണ്യമായി

വർദ്ധിപ്പിക്കും. മലബാർ ദേവസ്വം ബോർഡിന് കൂടുതൽ തുക അനുവദിക്കും. കേന്ദ്രാവിഷ്കൃത പദ്ധതികൾ കൂടുതൽ ഫലപ്രദമാക്കേണ്ടതുണ്ട്. റേഷൻ സബ്സിഡി ഇനത്തിൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഏതാണ്ട് 50 കോടി രൂപ മാത്രമാണ് കൊടുത്തതെങ്കിൽ ഈ സർക്കാർ 30 മാസം കൊണ്ട് കൊടുത്തത് 506 കോടി രൂപയാണ്. അന്ത്യോദയ പദ്ധതി പ്രകാരവും കിലോയ്ക്ക് രണ്ടു രൂപ നിരക്കിൽ അരി കൊടുക്കുന്നതാണ്. ഗോതമ്പ് കിലോയ്ക്ക് രണ്ടു രൂപ നിരക്കിൽ കൊടുക്കാൻ കഴിയുമോയെന്ന് ഭക്ഷ്യവകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്. മെച്ചപ്പെട്ട രീതിയിൽ നികുതി പിരിവ് നടത്തിയതിന്റെ ഫലമായി നികുതി വരുമാനത്തിൽ 24 ശതമാനം വർദ്ധനവുണ്ടായിരിക്കുന്നു. എല്ലാ ബിസ്ക്കറ്റ് കമ്പനികളുടെയും നികുതി നിരക്ക് 12.5 ശതമാനമായി ഏകീകരിച്ചിട്ടുണ്ട്. അലുമിനിയം ഷീറ്റിന്റെ വിൽപ്പന നികുതി 12.5 ശതമാനത്തിൽ നിന്ന് 4 ശതമാനമായി കുറച്ചിട്ടുണ്ട്. കഴിഞ്ഞ ജൂൺ മാസത്തിൽ സംസ്ഥാന സർക്കാർ പെട്രോളിന്റേയും ഡീസലിന്റേയും നികുതി കുറച്ചു. എന്നാൽ കോൺഗ്രസ്സ് ഭരിക്കുന്ന സംസ്ഥാനങ്ങളിലൊന്നും നികുതി കുറച്ചിട്ടില്ല. ഇപ്പോൾ പെട്രോളിന്റേയും ഡീസലിന്റേയും നികുതി കുറയ്ക്കാൻ ഉദ്ദേശിക്കുന്നില്ല.

(പെട്രോളിന്റേയും ഡീസലിന്റേയും നികുതി കുറയ്ക്കാത്തതിൽ പ്രതിഷേധിച്ച് ശേഷിച്ച നടപടികൾ ബഹിഷ്ക്കരിച്ചുകൊണ്ട് പ്രതിപക്ഷം ഒന്നടങ്കം സഭവിട്ട് പുറത്തുപോയി)

ഒരു ധനകാര്യ വർഷത്തിനിടയിൽ റിട്ടയർമെന്റ് തീയതി എന്നായാലും ധനകാര്യ വർഷം അവസാനംവരെ ജീവനക്കാർ സേവനത്തിൽ തുടരുമെങ്കിലും തസ്തിക ഒഴിവ് വരുന്നത് എന്നാണോ അന്നുമുതൽ എൻട്രി

കേഡറിൽ പുതിയ നിയമനം നടത്തുന്നതാണ്. സൂപ്പർന്യൂമറി പോസ്റ്റ് ഉണ്ടാക്കുന്നതുസംബന്ധിച്ച് ക്യാബിനറ്റ് തീരുമാനിക്കും. ബഡ്ജറ്റ് അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**പ്രമേയം**

നിയമസഭാ നടപടി ചട്ടം ഭാഗികമായി സസ്പെൻഡ് ചെയ്യണമെന്ന പ്രമേയം

നിയമവും പാർലമെന്ററികാര്യവും യുവജനക്ഷേമവും തുറമുഖവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): 2009-2010 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേൽ സബ്ജക്ട് കമ്മിറ്റികൾ നടത്തേണ്ട പരിശോധന നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ സാദ്ധ്യമല്ലാത്ത സാഹചര്യം പരിഗണിച്ച് സബ്ജക്ട് കമ്മിറ്റികൾക്ക് പ്രസ്തുത കൃത്യം നിർവ്വഹിക്കുന്നതിനുള്ള സൗകര്യം ലഭിക്കുന്നതിനായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ 2-ാം ഉപചട്ടം അടുത്ത സമ്മേളനത്തിന്റെ പ്രാരംഭം വരെ സസ്പെൻഡ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

സഭ വൈകുന്നേരം 3.28-ന്പിരിഞ്ഞു.

............